# സ്പർശം

DIGITAL MAGAZINE 2018-19




## LITTLE KITES

## R.M.H.S MELATTUR

# ആമുഖം

പുതിയ കാലത്തിനും തലമുറക്കും വായനയുടെയും ആസ്വാദനത്തിന്റെയും പുതിയ വാതായനങ്ങൾ തുറന്ന്......

വിജ്ഞാനത്തിന്റെയും വിസ്മയത്തിന്റെയും അനന്തമായ ലോകത്ത്........വിവരസാങ്കേതിക വിദ്യയെ മുന്നിൽനിറുത്തി ......

തിരക്കിനിടയിലും ഒത്തിരി അനുഭവങ്ങൾ പങ്കുവെച്ചും , കുഞ്ഞു കഥകളും, കവിതകളും , ലേഖനങ്ങളുമായി പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെയും

അധ്യാപകരുടെയും" സ്പർശ" ത്താൽ

സമ്പന്നമായ ഇ- മാഗസിൻ......

# സന്ദേശം

**മാനേജർ**



**മേലാറ്റൂർ പത്മനാഭൻ**

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവർമെന്റ്/എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയിൽ നമ്മുടെ വിദ്യാലയത്തിലെ മുഴുവൻ ഹൈസ്കൂൾ ക്ലാസ്റൂമുകളും പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ വെച്ച് ഹൈടെക് ആക്കാൻ നമ്മുക്ക് സാധിച്ചു.അതിനായി വിദ്യാലയത്തിലെ 52 ക്ലാസ് റൂമുകളും അടച്ചുറപ്പ് ഉള്ളതും ,വൈദ്യുതീകരിച്ച്നിലംടൈൽസ് ഇട്ട് സജ്ജവുമാക്കി. . 2018 ജൂണിൽ തന്നെ അതിനുള്ള അംഗീകാരവും നമ്മുക്ക് ലഭിച്ചു.വണ്ടൂർ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും കൂടുതൽ ഹൈട്ടെക് റൂമുകൾ ഉള്ള സ്കൂൾ എന്ന ബഹുമതി നമ്മുക്ക് കരസ്ഥമാക്കാൻ കഴിഞ്ഞു.**

"ലിറ്റിൽ കൈറ്റ്സ് "ഹൈടെക് വിദ്യാലയത്തിലെ കുട്ടികളുടെ കൂട്ടായ്മയാണെല്ലോ. ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരസാങ്കേതിക വിദ്യയിൽ വൈവിധ്യങ്ങൾ ആയ പരിശീലനങ്ങൾ നൽകി വിദ്യാർത്ഥികളെ സജ്ജരാക്കാൻ ഈ കൂട്ടായ്മക്ക് കഴിഞ്ഞിട്ടുണ്ട്. മേലാറ്റൂർ ആർ .എം . ഹൈസ്കൂളിലെ 'ചെറിയ പട്ടങ്ങൾ ' ആകാശത്തു പറത്തിവിടുന്ന ഈ പാട്ടത്തിന്റെ മാഗസിന്എല്ലാ വിധ ആശംസകളും ആർ . എം . ഹൈസ്കൂൾ മേനേജർ എന്ന നിലയിൽ ഞാൻ നൽകുന്നു. തുടർന്നും ഈ സ്കൂളിന്റെ എല്ലാ പ്രവത്തനങ്ങൾക്കും പരിപൂർണ്ണ പിന്തുണ മേനേജ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുമെന്ന് ഇതിനാൽ അറിയിക്കുന്നു.

# സന്ദേശം

**ഹെഡ് മാസ്റ്റർ**

**കെ.സുഗുണ പ്രകാശ്**



വിവര സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ലോകം പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ അതിന്റെ ഭാഗമാകാൻ വലിയ അവസരമാണ് ലിറ്റിൽ കൈറ്റ്സ് നൽകുന്നത്. ഇത് പ്രയോജനപ്പെടുത്തി ആധുനിക വിവര സാങ്കേതിക വിദ്യയുടെ പ്രയോക്താക്കളായി മാറാൻ കുട്ടികൾക്ക് കഴിയണം. എല്ലാം വിരൽ തുമ്പിൽ എന്ന ആശയം സാക്ഷാത്ക്കരിക്കുവാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കിയതിന്റെ ഉദാഹരണമാണ് ലിറ്റിൽ കൈറ്റ്സ് "ഡിജിറ്റൽ മാഗസിൻ" പുതിയ അനുഭവങ്ങൾ നൽകുന്ന ഒന്നാവട്ടെ എന്ന് ആശംസിക്കുന്നു. മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

# ആശംസയോടെ



ഡെപ്യൂട്ടി ഹെഡ് മിസ്ട്രസ്സ്
ജയശ്രീ ടീച്ചർ

മാറ്റങ്ങൾ ആദികാലം മുതൽക്കേ പ്രകൃതിയിലും മനുഷ്യ സമൂഹത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു . ഈ മാറ്റം ജന ജീവിതത്തിന്റെ പുരോഗതിക്ക് അത്യാവശ്യവും ആണ്.

ഇന്ന് സംസ്ഥാനത്തെ സ്കൂളുകളിൽ അധികവും ഹൈടെക് സ്കൂളുകൾ ആണ് .കൈറ്റ് നടത്തിയ പഠനത്തിൽ കണ്ടെത്തിയ റിപ്പോർട്ടിൽ സംസ്ഥാനത്തെ 92 % അധ്യാപകരും ക്ലാസ് മുറികളിൽ പ്രൊജക്ടറും ലാപ്ടോപ്പും ഉപയോഗിച്ച് പഠിപ്പിക്കുന്നു എന്നാണ് കുട്ടികൾ നൽകിയ അഭിപ്രായവും ഇത് തന്നെയാണ് .നമ്മുടെ സ്കൂളിലെ കൈറ്റ് അധ്യാപകരുടെ ശ്രമഫലമായ ഡിജിറ്റൽ മാഗസിൻ സ്കൂളിന് അഭിമാനിക്കാവുന്ന ഒന്നാണ്. പൊതുവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

# ആശംസയോടെ



പ്രജിത് പി.വി
HST -English (SITC)

**''The future belongs to those who believe in the beauty of their dream''**

സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഹൈടെക്ക്സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് പൊതുവിദ്യാലയങ്ങളിൽ 'ലിറ്റിൽ കൈറ്റ്സ്' എന്ന യൂണിറ്റ് ആരംഭിച്ചിട്ടുള്ളത്. നമ്മുടെ വിദ്യാലയത്തിൽ ഹൈസ്കൂളിലെ മുഴുവൻ ക്ലാസ്റൂമുകളും [52 ] ഹൈടെക് ആക്കാൻ നമ്മുക്ക് സാധിച്ചിട്ടുണ്ട്. ഈ ക്ലാസ്റൂമുകളുടെ സുഗമമായ നടത്തിപ്പിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സേവനം വാഴയെ വലുതും , എടുത്തു പറയേണ്ടതുമാണ്. ഇതിനായി പ്രേതെക പരിശീലനം യൂണിറ്റ്അംഗങ്ങൾക്ക് വർഷാരംഭം തന്നെ നൽകി .

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാൻ അഹോരാത്രം പ്രയത്നിച്ച എന്റെ കുട്ടികളെയും കൈറ്റ് ചുമതലയുള്ള മുസ്തഫ മാഷിനേയും ലക്ഷ്മി ധന്യ ടീച്ചറെയും സ്കൂൾ ഐ.ടീ.കോഡിനേറ്റർ എന്ന നിലയിൽ അനുമോദിക്കുന്നു.

# MESSAGE



SUNNY VARGEES
HSA ENGLISH

**''Education is the manifestation of the perfection already in men''**
**including art,literature,culture aesthetic senses and a way for his living in this modern world.**

**Digital world is conquering every aspect of man. So we must make the students aware of such fields.**

**I sincerely wish all success to the digital magazine from little kites and congratulate everyone**
**behind this great task.**

LET THEM BLOOM , SING WRITE AND FLY IN THIS DIGITAL WORLD........

# സന്ദേശം



രവിചന്ദ്രൻ

എച്.എസ്.എ ബയോളജി

സാങ്കേതികതയുടെ അതിപ്രസരം മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇടം നേടിക്കഴിഞ്ഞിരിക്കുകയാണ്. വിദ്യാഭാസ മേഖല അടിമുടി മാറ്റങ്ങൾക്ക് വിധേയമായിക്കഴിഞ്ഞിരിക്കുകയാണ്. കേരകത്തിലെ മിക്ക സ്കൂളുകളും ഹൈടെക് ക്ലാസ് മുറികളായിമാറിയ ഇന്നത്തെ സാഹചര്യത്തിൽ പുതു തലമുറയുടെ പഠന രീതികളും ബോധന രീതികളും പുത്തൻ ഉണർവിലേക്ക് ഉയരുമ്പോൾ..... പുസ്തകങ്ങളിൽ നിന്നും വായന അസ്തമിക്കുമ്പോൾ കാലത്തിന്റെ മാറ്റാതെ തിരിച്ചറിഞ്ഞുള്ള ഈ പ്രയത്നം പ്രശംസിക്കപ്പെടേണ്ടതാണ്..... "സാങ്കേതിക വിദ്യകളെയും ഇന്റർനെറ്റിന്റെയും സുരക്ഷിതമായ രൂപത്തിൽ ഉപയോഗിക്കാൻ " വിദ്യാർത്ഥികൾക്ക് സാധിക്കട്ടെ....

# ഉള്ളടക്കം

## കവിത


- കൂട്ടുകാരി ....................
- കേരം ....................
- വിരിയട്ടെ പുഞ്ചിരി ....................
- കാലം കലിയുഗം ....................
- പ്രകൃതി ....................
- മൈൽസ് ടു ഗോ ....................
- മൈ ഫ്രണ്ട് ....................


## ലേഖനം


- എന്റെ അൻഷി ....................
- ദേശഭേദമില്ലാത്ത ചങ്ങലകൾ....................
- ധർമ്മം മറന്ന സിനിമകൾ ....................
- ഇന്റർനെറ്റിന്റെ ഉപയോഗം അധ്യാപനത്തിലും പഠനത്തിലും....................
- ഓട്ടൻതുള്ളൽ ....................
- സൈബർ ലോകവും ജീവിതവും ....................
- ഗണിതം എന്ന ശാസ്ത്രം ....................
- പുകവലി ....................
- പ്രളയം നൽകുന്ന പാഠങ്ങൾ ....................
- ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ....................
- കേരളത്തിന്റെ അതിജീവനത്തിന്റെ കഥ....................
- വി ലേൺ ടു സെർവ്....................

മലയാള നോവൽ സാഹിത്യത്തിലെ ദേശ വിസ്മയം...................................

## കഥ

അമ്മയില്ലാത്ത സങ്കടം ..........
കടൽ കാക്ക ..........
കുട്ടൻ കാക്കയുടെ ആഗ്രഹം ..........
പഴയ സാധനങ്ങൾ ..........
ജസ്ന എന്നൊരു പെൺകുട്ടി ..........
താരാട്ട് പാടാനായി ..........
വഴിത്തിരിവ് ..........
വെയിൽ പറഞ്ഞത് ..........


## യാത്രാവിവരണം

ഊട്ടിയിലെ ഒരു ദിവസം..........

## ഓർമ്മക്കുറിപ്പ്

ഞാൻ എന്റെ ഉപ്പാക്ക് നൽകിയ സമ്മാനം..........

## ഫോട്ടോ ഗാലറി



# കൂട്ടുകാരി




ഫാത്തിമ ഫിദ .കെ. കെ . 9 E

കൂടെ നടന്നവൾ,കൂട്ടിനു വന്നവൾ
കൂട്ടുതരാനായി അരികത്തുനിന്നവൾ


ഉയിരവൾ,കൂട്ടവൾ ,നിറയുന്നസ്നേഹമവൾ
മനസിതിൽ പൊഴിയുന്ന ശിശിരത്തിനോർ മയവൾ
മറവിയുടെ തെന്നലിൽ പാറാതിരിപ്പവൾ

കനവായി നിനവായി ഉയിരായി നിന്നവൾ,
നനവാർന്ന മിഴിയെല്ലാം മലരാക്കിത്തന്നവൾ
ഒരു വാക്കും മിണ്ടാതെ ഓടിക്കളഞ്ഞവൾ



# കേരളത്തിന്റെ അതിജീവനത്തിന്റെ കഥ

നിഖിത. വിപി . 9I



കേരളം എന്നും ഒരു അനുഗ്രഹമായി കരുതുന്ന മഴ ഇപ്രാവശ്യം വന്നത് നമ്മുടെ ജീവന് വേണ്ടിയായിരുന്നു . മഴ പാട്ടുകളിൽ മഴയെ വർണ്ണിച്ച് കൊണ്ടുള്ള കവിതയും മലയാളി വെറുതെ കാലം.ആഗസ്റ്റ് ആദ്യ വാരം മഴയോരങ്ങളിൽ മലയിടിച്ചും മധ്യകേരളത്തെ വെള്ളത്തിൽ മുക്കിയും പ്രകൃതി അപായ സൂചനകൾ നൽകി തുടങ്ങി . വീടുകൾ താഴോട്ട് പതിക്കുന്ന കാഴ്ചകൾ നെട്ടലോടെ ഞാൻ കണ്ടു അപ്പോഴും നമ്മൾ വിചാരിച്ചിരുന്ന ശക്തിയായി പ്രവാഹിക്കില്ലെന്ന് . പരമാവധി വൈദ്യുതി ഉൽപാദിപ്പിക്കാൻ സർക്കാരും ശ്രമങ്ങൾ നീക്കി . പിന്നെയും കലി തുള്ളി മഴ പെയ്തപ്പോൾ ഡാമുകൾ തുറക്കുന്നത് കണ്ടു കേരളം ആഘോഷിച്ചു . എന്നാൽ എരിതീയിൽ എണ്ണ ഒഴിക്കുന്നത് പോലെ വായനാട്ടുകാരെ അറിയിക്കാതെ സർക്കാർ തുറന്നുവിട്ടു .കളി കാര്യമായി മുൻദിവസങ്ങളിൽ ചെയ്തതെല്ലാം വെറും സൂചന മാത്രമായിരുന്നെന്നും തെളിയിച്ച മഴ കേരളം കരയിൽ താണ്ഡവമാടി .നിറഞ്ഞു കവിഞ്ഞ ഡാമുകളുടെ ഷട്ടറുകൾ നിരനിരയായി തുറക്കേണ്ടി വന്നു ഒറ്റ രാത്രിയിൽ നൂറായിരങ്ങളെ മാറ്റിപ്പാർപ്പിച്ച് കൊണ്ട് മുല്ലപെരിയാർ തുറന്നു .ശേഷം കേരള കരയുടെ

നെഞ്ചുതുകുടിയുള്ള ജല പ്രളയമായിരുന്നു നാം കണ്ടത്. നാം അനുഭവിച്ച ഏഴ് ദിനങ്ങളിലെ അനുഭവകൾ കൊണ്ട് വലിയ ഒരു

സന്ദേശം തന്നെ നമ്മുക് മുന്നിൽ എത്തി ചേർന്നു . ഇനിയും തീരില്ല പാഠങ്ങൾ ഒരുപാടുണ്ട് . ജീവിതം ഒരെണ്ണവും നല്ല വണ്ണം ജീവിക്കാൻ രക്ഷപെടുത്തലിൽ തീരുന്നില്ല നമ്മുടെ ദൗത്യം. തുടങ്ങുന്നതേ ഒള്ളൂ കേരളത്തെ കെട്ടി പടുക്കാൻ ഒരു മനസായി ഒരേ ഊർജത്തോടെ.





# അമ്മയില്ലാത്ത സങ്കടം

*അനസ് ടി.കെ - 9L*

പണ്ടൊരിക്കൽ ഒരു ഗ്രാമത്തിൽ ചന്ദ്രൻ എന്ന ഒരുകലം പണിക്കാരനുണ്ടായി രുന്ന . അയാൾക്ക് നല്ലവനായ ഒരു മകനുണ്ടായിരുന്നു .അവന്റെ പേര് ചന്ദ്രു എന്നായിരുന്നു.അവൻ സ്കൂളിലൊന്നും പോയിരുന്നില്ല കാരണം അവന്റെ 'അമ്മ അവൻ കുഞ്ഞായപ്പോൾ മരിച്ചുപോയി .അതുകൊണ്ടു അവൻ അച്ഛന്റെ കൂടെ മൺപാത്രങ്ങൾ ഉണ്ടാക്കാൻ വേണ്ടി വീട്ടിൽതന്നെ കഴിയും .ആ ഗ്രാമത്തിൽ ഒരു നല്ലവനായ ധനികൻ ഉണ്ടായിരുന്നു അദ്ദേഹം എല്ലാവരേയും സഹായിച്ചിരുന്നു . അയാൾക്ക് ചന്ദ്രനേയും അയാളുടെമകൻ ചന്ദ്രുവിനെയും വലിയഇഷ്ട്ടമായിരുന്നു .കാരണം അവർ ജോലിയിൽ ആത്മാർത്ഥതകാണിച്ചിരുന്നു ചന്ദ്രൻ അമ്മയില്ലാത്ത സങ്കടമാറിയിക്കാതെയാണ് ചന്ദ്രുവിനെ വളർത്തിയത്.അതുകൊണ്ടുതന്നെ അവൻ നല്ല കുട്ടിയായയാണ് വളർന്നത്.അവനു കൂട്ടുകാരായി ആരുമില്ലായിരുന്നു അവന്റെകൂട്ടുകാരനും,അമ്മയും എല്ലാം അവന്റെ അച്ഛനായിരുന്നു.ചന്ദ്രൻ പകലന്തിയോളം പണിയെടുത്ത് അത് അടുത്തഗ്രാമത്തിൽ കൊണ്ടുപോയി വിറ്റാണ് കാശുണ്ടാക്കിയിരുന്നത് .ഇടയ്ക്കൊക്കെ ചന്ദ്രുവിനെയും കൊണ്ടുപോകുമായിരുന്നു കാരണം ചിലപ്പോൾ ചന്ദ്രൻ വരുമ്പോയേക്കും രാത്രി ആയിട്ടുണ്ടാകും അതുകൊണ്ട് ചന്ദ്രുവിനെ ഒറ്റക്ക് നിർത്തേണ്ട എന്നുകരുതിയിട്ടാണ് കൊണ്ടുപോകുന്നത്.ഒരു ദിവസം ചന്ദ്രൻ ചന്ദ്രുവിനെകൊണ്ടുപോകാതെ ഒറ്റയ്ക്ക് പോയി,രാത്രിയായിട്ടും അച്ഛനെ കാണാതെവന്നപ്പോൾ ചന്ദ്രു പേടിച്ചു കാരണം അടുത്ത



ഗ്രാമത്തിൽ

എത്തണമെങ്കിൽ ചെറിയ ഒരു കാട്ടിലൂടെ വേണം പോകാൻ 'അവിടെ വല്ലാനയോ പാമ്പോ ആയിരിക്കുംവരുന്നത്'.ഏറെ രാത്രിയായിട്ടും അച്ഛനെ കാണാതെ വന്നപ്പോൾ ചന്ദ്രു വാതിലിക്കൽ ചെന്ന് വാതിൽ തുറന്ന് പുറത്തേക്കു ഒന്നുഎത്തിനോക്കി.നല്ല ഇരിട്ടുണ്ട് പക്ഷെ ഗ്രാമത്തിലുള്ള വീടുകളിലെ പുറത്തെവെട്ടം കത്തുന്നുണ്ട് ആ വെട്ടത്തിൽ അച്ഛൻ വരുന്നുണ്ടോന്ന് നോക്കിയപ്പോഴും അച്ഛനെ കാണുന്നില്ല.ചന്ദ്രു വേഗം ധനികന്റെ വീട്ടിലേക്ക് പോയി എന്നിട്ട് അവരുടെ കതകിൽ മുട്ടി അയാളെ വിളിച്ച അയാൾപുറത്തേക്ക് വന്ന് കാര്യം തിരക്കി എന്നിട്ട് ചന്ദ്രുവിനോട് പറഞ്ഞു വേണമെങ്കിൽ ഒന്നുപോയി അന്വേഷിക്കാലോ

എന്ന്.ധനികനും കുറച്ച ആളുകളും പോയി അവർ അടുത്ത ഗ്രാമത്തിൽ എത്തിയപ്പോൾ ചന്ദ്രന്റെ പണി ഇതുവരെ തീർന്നിട്ടില്ല കുറച്ചുകൂടി ബാക്കിയുണ്ട് ധനികനോട് പറഞ്ഞു എന്റെ മോനെ ഒന്നുവീട്ടിൽ നിർത്തണേ കുറച്ച കൂടിബാക്കിയുണ്ട് 'അമ്മ യില്ലാതെ ഉണ്ടായാലോ, അച്ചനാണെങ്കിൽ ഒരുവെട്ടവുമില്ലാതെ

വളർന്നവനാ ഒരു കുരുത്തക്കേടും അവൻകാണിക്കില്ല എന്നെ കാണാതെ ഉറങ്ങില്ലഅവൻ. അവനോട് പറയണം ഞാൻ പണിയിലാണെന്ന് എന്നാൽ ധനികൻ ചന്ദ്രനോട് പറഞ്ഞു: "വേകംനീ ഇതെല്ലം എടുക്ക് നമുക്ക് വേകം പോകാം കാരണം മോൻ നന്നായി പേടികുകയും വിഷമിക്കുകയും ചെയ്തിട്ടുണ്ട് ചെറിയകുട്ടിയല്ലേ നീ മാത്രമല്ലെ ഉള്ളൂ വേകം വാ നമുക്ക് പോകാം."

ചന്ദ്രൻ എല്ലാം കെട്ടികൂട്ടി തന്റെ ഗ്രാമത്തിലേക്ക് വന്നു. വന്നപ്പോൾ ഉറക്കമൊഴിച്ച് കാത്തിരിക്കുകയായിരുന്നു ചന്ദ്രു അവൻ അച്ഛനെ കാണാന് ഓടിപ്പോയി കെട്ടിപ്പിടിച്ച്പറഞ്ഞു :"അച്ഛനെന്താവരത്തെ ഞാൻ ആകെപ്പിടിച്ച പോയി "അച്ഛനെല്ലാം പറഞ്ഞു അപ്പോൾ ധനികൻ പറഞ്ഞു: "എല്ലാവരും അവരവരുടെ വീട്ടിൽപോയി

കിടന്നുറങ്ങിക്കോളൂ രാവിലെ ഒരു തീരുമാനമെടുക്കാം".രാവിലേ ആയപ്പോൾ ധനികൻ എല്ലാവരേയും വിളിച്ചു കൂട്ടത്തിൽ ചന്ദ്രനേയും ചന്ദ്രുവിനേയും വിളിച്ചു എന്നിട്ടു പറഞ്ഞു:

"ഇനി അടുത്ത ഗ്രാമത്തിൽ ആരും വിൽക്കാൻ പോകുന്നില്ല നമുക്ക് അവരെ ഇങ്ങോട്ട് വരുത്താം കാരണം താമസിച്ചാണ് അധിക ആളുകളും വരുന്നത്.അതുകൊണ്ടു ഒരു തീരുമാനമെടുക്കാം ഒന്നെടുത്താൽ മറ്റൊന്ന് സൗജന്യമായി നൽകാമെന്ന് നമുക്ക് അവരോട് പറയാം വേണ്ടവർ വരട്ടെ ".ആ തീരുമാനം മോശമായില്ല. അടുത്ത ഗ്രാമത്തിൽ നിന്ന് കുറെ പേര് വന്ന്സാധനങ്ങൾ വാങ്ങാൻ ത്തുടങ്ങി അപ്പോൾ ചന്ദ്രൻ വിചാരിച്ചു ഒന്നു പോയാലെന്താ അവിടെ പോയി വിൽക്കുന്നതിനേക്കാൾ സുഖമുണ്ട് ധനികന്റെ തീരുമാനമാണ് ശെരി. അന്നുമുതൽ ചന്ദ്രനും ചന്ദ്രുവും സുഖമായിജീവിച്ചു ചന്ദ്രൻ ഇപ്പോഴും ചന്ദ്രുവിനെ കാണാനുംസാധിച്ചു ചന്ദ്രു ചന്ദ്രനെ മണ്പാത്രം വിൽക്കാൻ സഹായിക്കുകയും ചെയ്തു.ആ ഗ്രാമത്തിലുള്ളവർ സന്തോഷമായി ജീവിച്ചു .



# ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ



മുഹമ്മദ് മുസ്തഫ

എച്ച്.എസ്.എ അറബിക്



അമിതമായ ആത്മവിശ്വാസം നല്ലതല്ല. നിങ്ങൾ ഇന്റർനെറ്റിൽ അമിതമായ താല്പര്യം കാണിക്കാത്തവരും, സൈബർ ലോകത്തെ അപകടങ്ങളെ പറ്റി ബോധ്യമുള്ളവരും, സ്വന്തം സ്വകാര്യതയും മറ്റ വിവരങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യം വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നവരും ആയിരിക്കാം. എന്നാൽ ഓൺലൈൻ വഴി കണ്ടെത്തുന്ന പുതിയ സുഹൃത് ബന്ധങ്ങളെ പറ്റിയോ, ചെന്നു ചേരുന്ന പുതിയ കൂട്ടായ്മകളെ പറ്റിയോ, 'നല്ല പുള്ളിക്കാരൻ' എന്നു വിശ്വസിക്കുന്നവരെ പറ്റിയോ നിങ്ങൾക്കെന്തെങ്കിലും വിശദമായി അറിയാമോ? ഈ ഓൺലൈൻ സൗഹൃദങ്ങളിലെ സുഹൃത്തുക്കളെ നേരിട്ട് കാണാൻ പോകുന്ന വിവരം രക്ഷാകർത്താവിനെയോ/ ഭാര്യയെയോ/ഭർത്താവിനെയോ/സുഹൃത്തിനെയോ അറിയിക്കാറുണ്ടോ ? ചിന്തിക്കൂ!

വിവരങ്ങൾ പരിധി വിട്ട് പങ്കുവയ്ക്കരുത്.

ഇന്ന് ഊഷ്മളമായ ബന്ധം എന്നു നിങ്ങൾ വിശ്വസിക്കുന്ന ഒരു ബന്ധം നാളെ ഒരു അപകടമായിക്കൂടായ്കയില്ല. അങ്ങനെ സംഭവിച്ചാൽ നിങ്ങൾ ആ സുഹൃത്തുമായി പങ്കു വച്ച സ്വകാര്യ ഫോട്ടോകൾ, മെയിലുകൾ, അമ്പരപ്പോ ലജ്ജയോ ഉളവാക്കുന്ന വീഡിയോകൾ എന്നിവ നിങ്ങളുടെ പൂർവ്വ പങ്കാളിയുടെ

കൈവശമായി കഴിഞ്ഞിരിക്കും. അവ തിരിച്ചു ലഭിച്ചില്ലെന്നു വന്നേക്കാം. അവ ആ വ്യക്തി ദുരുപയോഗം ചെയ്തേക്കാം അതിനാൽ അത്തരം പ്രവർത്തികൾ ആലോചിച്ചു മാത്രം ചെയ്യുക.

സ്വകാര്യതകൾ കഴിവതും വെളിപ്പെടുത്തരുത്.

നിങ്ങളുടെ ദുർബ്ബലതകൾ ചൂഷണം ചെയ്യാൻ തയ്യാറായി കാത്തിരിക്കുന്ന വഞ്ചകരായ കഥാപാത്രങ്ങൾ നിങ്ങൾക്ക് ചുറ്റും ഉണ്ടാകാം. ഒരു അവധി ദിവസം എവിടെ ചിലവഴിക്കാമെന്ന് നിങ്ങൾ തീരുമാനിക്കുന്ന വിവരം അഥവാ ഒരു രസത്തിനായി നിങ്ങൾ പോസ്റ്റ് ചെയ്ത നിങ്ങളുടെ അമ്പരിപ്പിക്കുന്ന ഫോട്ടോയൊ മറ്റു സ്വകാര്യ വസ്തുതകളോ അസൂയാലുവായ സുഹൃത്തിനോ, കുറ്റവാളിയായ പങ്കാളിക്കോ, നിങ്ങൾ തക്ക മറുപടി നല്കിയ ഒരു ഭീക്ഷണിക്കാരനോ ലഭിക്കാനും അയാളത് ദുരുപയോഗം ചെയ്യാനും സാധ്യതയുണ്ട്.

പാസ്‌വേഡുകൾ പങ്കുവയ്ക്കരുത്.

നിങ്ങളുടെ സുഹൃത്തിനെ അഥവാ പങ്കാളിയെ അന്ധമായി വിശ്വാസിക്കാറുണ്ട്. ഒരു മോശമായതോ കയ്പ്പേറിയ അനുഭവത്താലോ ആ സുഹൃത്ബന്ധം അവസാനിച്ചാലോ, തകർന്നാലോ അതു നിങ്ങൾക്ക് ഏറെ ദോഷമായേക്കാം. സാമൂഹ്യ മാധ്യമങ്ങളിൽ അപഖ്യാതിയും, സാമ്പത്തിക തട്ടിപ്പുകളും ക്രമക്കേടും മറ്റും ഭയന്ന് ധാരാളം പെൺക്കുട്ടികൾ ഇത്തരം ബന്ധങ്ങൾ തകരുമ്പോൾ ആത്മഹത്യ ചെയ്യുന്നണ്ടെന്ന കാര്യം ഓർക്കുക.

വെബ് ക്യാമറകൾ ആവശ്യമില്ലാത്തപ്പോൾ വിച്ഛേദിക്കുക.

ക്യാമറ ഓണായി നിങ്ങളുടെ ചലനങ്ങൾ രഹസ്യമായി റെക്കോർഡ് ചെയ്യാൻ കഴിയുന്ന പല ആപ്ലിക്കേഷനുകളും ഇന്ന് വിപണിയിൽ ലഭ്യമാണ്. ആയതുകൊണ്ട് നിങ്ങളുടെ വെബ് ക്യാമറ ആവശ്യമില്ലാത്തപ്പോൾ പ്രവർത്തനരഹിതമാക്കാൻ ശ്രദ്ധിക്കുക

നിയമാനുസൃതമല്ലാത്ത വസ്തുതകൾ നിങ്ങളുടെ ഫോൺ/ലാപ്ടോപ് വഴി ഡൗൺലോഡ് ചെയ്യാൻ മറ്റുള്ളവരെ അനുവദിക്കരുത്.

നിങ്ങളുടെ സ്വന്തം ലാപ്ടോപ്പ് വഴിയോ ഫോൺ വഴിയോ നിയമാനുസൃതമല്ലാത്ത വസ്തുക്കൾ മറ്റാരെങ്കിലും ഡൗൺലോഡ് ചെയ്താൽ അതിന്റെ ഭവിഷ്യത്ത് നന്നായി അറിയാമല്ലോ. മാത്രമല്ല തുടർന്ന് നിങ്ങൾക്ക് വരുന്ന മെസേജുകളും മെയിലുകളും നോട്ടുകളും മറ്റും അവർ കൈകാര്യം ചെയ്തെന്നും വരാം. നിങ്ങളുടെ ഇത്തരം ഉപകരണങ്ങൾ പാസ്‌വേഡ് ഉപയോഗിച്ച് സുരക്ഷിതമായി കൈകാര്യം ചെയ്തില്ലെങ്കിൽ ആർക്കുവേണമെങ്കിലും ഇവ കൈകാര്യം ചെയ്യാനും ശേഖരിച്ചിട്ടുള്ള വസ്തുതകൾ നഷ്ടപ്പെടുത്താനും കഴിയും. ഓൺലൈൻ സുഹൃത്തുകളെ നേരിൽ കാണാൻ പോകുമ്പോൾ വേണ്ടപ്പെട്ടവരെ വിവരം അറിയിക്കണം.

സെക്യൂരിറ്റി സോഫ്റ്റ്‌വെയറുകൾ കാലഹരണപ്പെട്ടാൽ അവ അപ്ഗ്രേഡ് ചെയ്യുന്നതിൽ/പുതുക്കുന്നതിൽ അനാസ്ഥ കാണിക്കരുത്.

തിരക്കേറിയ ദൈനംദിന പ്രവർത്തനങ്ങൾക്കിടയിൽ സ്വന്തം സുരക്ഷയ്ക്ക് ഏറ്റവും അവസാനം മാത്രം പ്രാധാന്യം കൽപ്പിക്കുന്നത് കൊണ്ട് സെക്യൂരിറ്റി സോഫ്റ്റ്‌വെയർ കാലഹരണപ്പെട്ടാൽ പലരും ശ്രദ്ധിക്കാറില്ല. പലപ്പോഴും പുതിയ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിൽ ഗൗരവം കാണിക്കാറില്ല.

എന്നാൽ ഇങ്ങനെ ചെയ്യുന്നതു വഴി നിങ്ങൾ ചെന്ന് ചാടുന്നത് അപകടത്തിലേക്കാവാം. സുരക്ഷിതത്വത്തിനായി സ്മാർട്ട് ഫോൺ ആപ്ലിക്കേഷനുകൾ ഉപയോഗപ്പെടുത്തുക.ഇത്തരം ആപ്ലിക്കേഷനുകൾ ഇന്ന് വിപണിയിൽ സുലഭമാണ്. അവയുടെ ആധികാരികത/വിശ്വാസ്യത ഉറപ്പാക്കിയശേഷം പ്രയോജനപ്പെടുത്താവുന്നതാണ്.

## TIPS

**1.** നിയമാനുസൃതമായി അനുവദനീയമായ സൈറ്റുകൾ മാത്രം കൈകാര്യം ചെയ്യാൻ ശ്രദ്ധിക്കുക.

**' https'** ൽ തുടങ്ങുന്ന വെബ്സൈറ്റുകൾ സുരക്ഷിതമായവയാണ്. അല്ലാത്തവ **(' http ')** ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കുക.

**2.** സ്വന്തം പാസ്‌വേഡ് മറ്റുള്ളവരോട് വെളിപ്പെടുത്തരുത്.

**3.** അപരിചിതരുടെ ഇ-മെയിലുകൾ തുറക്കരുത്.

**4.** മറ്റുള്ളവരുടെ സ്വകാര്യതയ്ക്കും സുരക്ഷിതത്വത്തിനും സ്വന്തം സ്വകാര്യതയ്ക്കും സുരക്ഷിതത്വത്തിനും ഉള്ള അതേ പ്രാധാന്യം തന്നെ നൽകുക.

**5.** ചാറ്റിങ്, ഇ-മെയിൽ തുടങ്ങി ഓണലൈൻ സേവനങ്ങൾ മുഖാന്തിരം ലഭിക്കുന്ന സൗഹൃദങ്ങളെയും ബന്ധങ്ങളെയും അന്ധമായി വിശ്വസിക്കരുത്

**6.** വ്യക്തിപരമായ വിവരങ്ങൾ, ഫോട്ടോകൾ കുടുംബത്തിന്റെ വിശദവിവരങ്ങൾ തുടങ്ങിയവ അപരിചിതരുമായി പങ്കുവയ്ക്കരുത്.

**7.** അസ്വസ്ഥത ഉളവാക്കുന്ന മെയിലുകൾ ലഭിച്ചാൽ രക്ഷകർത്താക്കളെയോ ബന്ധപ്പെട്ട അധികൃതരെയോ അറിയിക്കാൻ തെല്ലും മടിക്കരുത്.

**8.** ഓണലൈൻ സുഹൃത്തിനെ നേരിട്ട് കാണാൻ ഉള്ള ക്ഷണം കഴിയുന്നതും ഒഴിവാക്കുന്നതാണ് നല്ലത്.

**9.** ഓണലൈൻ വസ്തുതകൾ ഉപയോഗപ്പെടുത്തുമ്പോൾ, കോപ്പിറൈറ്റ് സംബന്ധിച്ച വിഷയത്തെപ്പറ്റി അവബോധം ഉണ്ടാക്കണം.

**10.** സംശയാസ്പദമായ ലിങ്കുകളിൽ **(URL)** ക്ലിക്ക് ചെയ്യരുത്.

**11.** ചില മൊബൈൽ/കമ്പ്യൂട്ടർ ആപ്പ് ളിക്കേഷൻ സോഫ്റ്റ്‌വെയറുകൾ പണം നൽകാതെ (ഫ്രീ ആയി) ഡൗൺലോഡ് ചെയ്യുമ്പോൾ അവയിൽ വൈറസുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന കാര്യം ഓർക്കുക.

**(കടപ്പാട് കേരള പോലീസ് )**






# ഞാൻ എന്റെ ഉപ്പാക്ക് നൽകിയ സമ്മാനം



ഫാത്തിമ അൻഷി.ടി.കെ. 8H

ജനുവരി 2 .2109

അന്ന് രാവിലെ ആറ് മണി സൂര്യ കിരണങ്ങൾ എന്റെ മുഖത്തേക്ക് പതിച്ചപ്പോൾ ഞാൻ എഴുന്നേറ്റു. ഞാൻ എന്റെ പ്രാഥമിക കാര്യങ്ങൾ ചെയ്തതിനു ശേഷം വെറുതെ ഇരിക്കുകയായിരുന്നു. അപ്പോഴാണ് ഞാൻ ഓർത്തത് ആ ദിവസം വന്നെത്തി എന്റെ ഉപ്പയുടെ ജന്മ ദിനം . എന്റെ ഉപ്പയെ അതിശയപ്പെടുത്താൻ ഞാൻ എന്ത് ചെയ്യും എന്ന വിഷയത്തിലൂടെ എന്റെ മനസ്സ് സഞ്ചരിച്ചു . പക്ഷെ ഒരു വഴിയും എന്റെ മുന്നിൽ തെളിഞ്ഞില്ല . പക്ഷെ എന്റെ മനസ്സ് എന്നോടട് പറഞ്ഞു ഉമ്മയോട് അതിനുള്ള വഴി ചോദിക്കു .ഞാൻ അടുക്കളയെ ലക്ഷ്യമാക്കി നടന്നു അപ്പോൾ എന്റെ ഉമ്മ ചായ തിളപ്പിച്ചിട്ട് മാസിക വായിക്കുകയായിരുന്നു ഞാൻ എന്റെ ഉമ്മയെ വിളിച്ചപ്പോൾ കേട്ടില്ല . എന്റെ ഉമാ മാസികയുടെ ലോകത്തായിരുന്ന . അതുകൊണ്ട് ഞാൻ ഉമ്മയെ മെല്ലെ തട്ടി വിളിച്ചു . ധ്യാനത്തിൽ നിന്ന് ഉണർന്നതുപോലെ എന്റെ മുഖത്തേക്ക് നോക്കി . എന്ത് വേണം നിനക്ക്? ഞാൻ ഉപ്പയുടെ ജന്മ ദിനത്തിന് ഉപ്പയെ അതിശയപ്പെടുത്താൻ എന്ത് ചെയ്യണം? ഞാൻ ആശങ്കയോടെ ചോദിച്ചു .അപ്പോൾ ഉമ്മ പറഞ്ഞു :നീ പാടി ഉണ്ടാക്കിയ സമ്പാദ്യത്തിൽ നിന്നും കാശ് എടുത്ത് നമുക്ക് ഉപ്പ അറിയാതെ ഒരു മികച്ച ക്രീം കേക്ക് നിന്റെ സഹോദരനായ സമീർ അലിയെ കൊണ്ട് വാങ്ങിപ്പിക്കാം . അങ്ങനെ നമുക്ക്

ഉപ്പയെ അതിശയപ്പെടുത്താം . ഞാൻ ഉടനെത്തന്നെ സമീറിനെ കാണാൻ ചെന്നു.അവനോട് കാര്യങ്ങൾ വിശദീകരിച്ചു . അവൻ അതിന് സമ്മതിച്ചു . അവൻ ഉടനെ ടൗണിലേക്ക് പുറപ്പെട്ടു .അങ്ങനെ കേക്കും മേടിച്ച് വീട്ടിലേക്ക് എത്തി .

നേരം ഉച്ചയായി ഉപ്പ വന്നു .ഉപ്പ മുറിയിലേക്ക് നമസ്കരിക്കാൻ പോയി .ഉപ്പയുടെ നമസ്കാരം കഴിയും വരെ ഞാൻ ആകാംഷയോടെ കാത്തിരുന്നു.ഉപ്പാക്ക് ഇനി തിരക്കില്ല . ഉപ്പയുടെ കണ്ണ് കെട്ടി ഞാനും എന്റെ ഉമ്മയും അടുക്കളയിലേക്ക് കൈ പിടിച്ച് കൊണ്ടുപോയി . എന്നിട്ട് അന്ധതയിൽ നിന്നും മോചിപ്പിച്ചു .കേക്കും ,അലങ്കാരങ്ങളും കണ്ടപ്പോൾ ഉപ്പാക്ക് അതിശയം തോന്നി .ഇതാരാ ഏർപ്പാടാക്കിയത് എന്ന് ഉപ്പയുടെ ചോദ്യം . അപ്പോൾ ഞാൻ എല്ലാം വിവരിച്ചു .ഉപ്പ പറഞ്ഞു :ആദ്യമായിട്ടാണ് എന്റെ പിറന്നാൾ ആഘോഷിക്കുന്നത്. എന്നും പറഞ്ഞ ഉപ്പ എന്നെ ചേർത്ത് പിടിച്ചു.2019 ലെ മകളുടെ ഉപ്പക്കുള്ള സമ്മാനം.







# പ്രകൃതി

നിയാസ്.പി.മേലാറ്റൂർ



**നീ വാതിൽ തുറക്കേണ്ട**
**വസന്തം അകലെയാണ്.............**
**അല്ല ,**
**അത് ഇനി ഉണ്ടാവുമോ എന്നറിയില്ല**
**പ്രകൃതി ശൂന്യമായികൊണ്ടിരിക്കുന്നു.........**
**വർണാഭ പുഷ്പങ്ങൾ ഇന്നവയിലില്ല**
**മാരുതനിൽ സുഗന്ധവുമില്ല.....**
**എങ്കിലും നീ ഒരിക്കൽ കൂടി**
**വാതിൽ തുറക്കുക.**
**പച്ചിലകൾ  നിനക്കും നുള്ളി വെക്കാം.......**
**രാസക്കറ പുരണ്ട പുഷ്പ്ങ്ങളെ**
**വേദനയോടെ സ്പർഷിക്കാം......**
**വറ്റിതുടങ്ങിയ നിരുറവകളെ നോക്കി**
**ദീർഘ നിശ്വാസം നടത്താം.......**
**ഭാവിയിൽ**
**നീയാണവയെ**
**സമാപ്തിയിൽ തലോടിയതെന്ന്**
**മൺകുഴിയിൽ വെച്ച് ആത്മഗതം ചെയ്യാം.....**
**സമയം കളയണ്ട,**
**വേഗം തുറന്നേക്കുക...,**
**ഇല്ലെങ്കിൽ,**
**സസ്യ സമൃതിയുടെ അവസാനത്തെ ദലവും**
**നിനക്ക് നഷ്ടപ്പെട്ടേക്കാം..................**

# ദേശ ഭേദമില്ലാത്ത ചങ്ങലകൾ



എൻ.പി നിസ

നിങ്ങളുടെ ക്ലാസിൽ ഒരു കുട്ടി ഒരു പൂവിന്റെയോ ഒരു പശുവിന്റെയോ ചിത്രം വരച്ചുവെന്ന് കരുതുക. ആ ചിത്രം നിങ്ങളൊരു പോലെയാണോ കാണുന്നത്? ഒരു പക്ഷേ നിങ്ങൾ കാണുന്നത് ഒരു പശുവിനെയോ പൂവിനെയോ ആയിരിക്കാം. പക്ഷേ നിങ്ങളോരോരുത്തരുടെയും കാഴ്ച വ്യത്യസ്തമായിരിക്കും. ചിലരതിന്റെ നിറമായിരിക്കും ശ്രദ്ധിക്കുക. മറ്റ് ചിലരതിന്റെ വലുപ്പമായിരിക്കും കാണുക. ഇനിയും മറ്റ് ചിലർ ആ ചിത്രത്തിലെ ചില കുറവുകൾ ശ്രദ്ധിക്കും.

ഇനി ആ ചിത്രം കാണുന്ന ഒരു ആൺകുട്ടിയുടെയും പെൺകുട്ടിയുടെയും കാഴ്ച ഒരു പോലെയാകുമോ? ഒരിക്കലുമല്ല. ഒരു പൂ കാണുന്ന ആൺകുട്ടിക്ക് ആദ്യം തോന്നുക അത് പറിച്ചെടുത്ത് തന്റെ കൂട്ടുകാരിക്കോ കൂട്ടുകാരനോ നൽകാനായിരിക്കും. അതേസമയം പെൺകുട്ടി ആഗ്രഹിക്കുക ആ പൂ തന്റെ വീട്ടുമുറ്റത്തെ പൂന്തോട്ടത്തിലുണ്ടായെങ്കിലെന്നായിരിക്കും. ഒരു പശുവിനെ കാണുന്പോൾ ഒരു ആൺകുട്ടിക്ക് തോന്നുന്ന കൗതുകമായിരിക്കില്ല പെൺകുട്ടിക്ക് തോന്നുക. ആൺകുട്ടി ചിലപ്പോൾ ആ പശു തരുന്ന പാലിനെ കുറിച്ചാലോചിക്കുന്പോൾ, പെൺകുട്ടി ആലോചിക്കുക ആ പശു പ്രസവിച്ച കിടാവിനെ കുറിച്ചായിരിക്കും.

എന്തുകൊണ്ടാണ് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കാഴ്ചയിൽ ഈ വ്യത്യാസം ഉണ്ടാവുന്നത്? അത് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ചില ധാരണകൾ കൊണ്ടാണ്. ആ ധാരണകൾ ആൺകുട്ടികളിലും പെൺകുട്ടികളിലും ജന്മനാ ഉണ്ടാവുന്നതും ജീവിക്കുന്ന സാഹചര്യമനുസരിച്ച് സ്വയം ഓരോരുത്തരിലും ഉണ്ടാവുന്നുമുണ്ട്. നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന പാരമ്പര്യമനുസരിച്ച് പുരുഷന്മാർക്കാണ് സത്രീകളേക്കാൾ പരിഗണന ലഭിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. വീട്ടിനുള്ളിലും പുറത്തും പെൺകുട്ടികൾ അവഗണനക്കിരയാവുന്നു. ഇത് മാത്രമല്ല, പെൺകുട്ടികൾ എങ്ങനെ ചിന്തിക്കുന്നു, വ്യത്യസ്ത വിഷയങ്ങളിൽ അവരുടെ കാഴ്ചപ്പാടെന്താണ് എന്നത് സംബന്ധിച്ച് പൊതുസമൂഹത്തിന് കൃത്യമായ ധാരണപോലുമില്ല.

ഇക്കാര്യം കൃത്യമായി വരച്ചു കാട്ടുന്നതാണ് 2015 ൽ പുറത്തിറങ്ങിയ മുസ്താങ്ങ് എന്ന തുർക്കി ചിത്രം. മുസ്താങ്ങിന്റെ സംവിധാനം ഒരു സത്രീയാണ് .നിർവഹിച്ചിട്ടുള്ളത്. ഡെനിസ് ഗാംസെ എർഗുവെൻ. വടക്കൻ തുർക്കിയിലെ ഒരു വിദൂര ഗ്രാമത്തിൽ നടക്കുന്ന കഥയാണ് മുസ്താങ്ങിന്റെ പ്രമേയം. ഇസ്തംബൂളിൽ നിന്ന് ആയിരം കിലോമീറ്ററകലെയാണ് കഥ നടക്കുന്ന ഗ്രാമമെന്ന് ഒരു കഥാപാത്രം പറയുന്നുണ്ട്. അനാഥകളായ അഞ്ച് സഹോദരിമാർ. എല്ലാവരും അവരുടെ കൗമാരത്തിലോ കൗമാരത്തിന്റെ തുടക്കത്തിലോ. വെക്കേഷന് തലേന്ന് സ്ക്കൂൾ അവസാനിക്കുന്ന ദിവസം അഞ്ച് പേരും സഹപാഠികളായ ആൺകുട്ടികളോടൊപ്പം കടലിൽ കളിക്കാൻ പോകുന്നു. ആൺകുട്ടികളുടെ ചുമലിൽ കയറിയിരുന്ന് പരസ്പരം തള്ളിമറിച്ചിടുന്ന ഒരു തരം കളിയാണ് കടലിൽ അവർ കളിക്കുന്നത്. തൊട്ടടുത്ത ആപ്പിൾ തോട്ടത്തിൽ

നിന്ന് അവർ ആപ്പിൾ മോഷ്ടിച്ച് തിന്നുന്നു. ബസ് ഒഴിവാക്കി അവർ കാൽനടയായി വീട്ടിലേക്ക് പോകുന്നു. വീട്ടിലെത്തുന്നതോടെ അവരുടെ ജീവിതം മാറിമറിയുന്നു.

അനാഥരായ അവരെ സംരക്ഷിക്കുന്നത് അവരുടെ മുത്തശ്ശിയും പിതൃസഹോദരനും ചേർന്നാണ്. കടലിലെ അവരുടെ കളി ഗ്രാമത്തിൽ വലിയ വിവാദമായെന്ന് മുത്തശ്ശിയിൽ നിന്ന് അവർ അറിയുന്നു. ഇതോടെ, അവരുടെ വീട് ഒരു ജയിലായി പരിണമിക്കുകയാണ്. കംപ്യൂട്ടറുകളും ഫോണുകളും എടുത്തുമാറ്റപ്പെടുന്നു. മതിലുകൾക്ക് ഉയരം കൂടുന്നു. പുറത്തേക്ക് പോകാൻ സാധിക്കാത്ത വിധം അവർ ബന്ധനസ്ഥരാക്കപ്പെടുന്നു. പാചകവും ഗൃഹനിർമാണവുമാണ് അതിഥികളെ സൽക്കരിക്കലുമാണ് പിന്നെ അവർക്ക് അവിടെ പഠിക്കേണ്ടി വരുന്നത്. ആ വീട് വധുക്കളെ നിർമിക്കുന്ന ഫാക്ടറിയായി മാറുന്നു.

വീടിനകത്തെ ബോറടി മാറ്റാൻ ചെറിയ വസ്ത്രങ്ങളണിഞ്ഞും പരസ്പരം തമാശകൾ പറഞ്ഞും അവർ ആ തടവറയിൽ ജീവിതം തള്ളിനീക്കുന്നു. മുത്തശ്ശി മൂത്തയാൾക്കായി കല്യാണാലോചന കൊണ്ടുവരുന്നു. തന്നെ വന്നയാൾക്ക് കെട്ടിച്ചു കൊടുത്താൽ അവരുടെ മുമ്പിൽ വെച്ച് ഉറക്കെ കരയുമെന്നും തനിക്ക് തന്റെ കാമുകനെ തന്നെ കെട്ടിച്ചു തന്നാൽ മതിയെന്ന് മുത്തശ്ശിയെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു അവൾ. മൂത്തയാൾക്ക് പകരം രണ്ടാമത്തെയാളെ വന്ന ചെറുപ്പക്കാരന് മുന്പിലവതരിപ്പിച്ച് മുത്തശ്ശി ഒരേ ദിവസം രണ്ട് പേരുടെയും കല്യാണം നടത്തുന്നു. ഇളയവളായ ലേലെ യാണ് ചിത്രത്തിലെ പ്രധാന കഥാപാത്രം. അവൾ ഫുട്ബോൾ ഭ്രാന്തിയാണ്.

സ്ത്രീകളായ കാണികൾ മാത്രമുള്ള മൽസരം കാണാൻ സഹോദരിമാർ പോകുന്ന രംഗവും ടെലിവിഷനിൽ അവർ

സ്റ്റേഡിയത്തിൽ ്അർമാദിക്കുന്ന രംഗം കണ്ട് അവരുടെ അങ്കിൾ അത് കാണാതിരിക്കാൻ അവരുടെ അമ്മായി വീട്ടിലെ ഫ്യൂസ് തല്ലിപ്പൊട്ടിച്ച് വൈദ്യുതി വിച്ഛേദിക്കുന്നതും ട്രാൻസ്ഫോമറിന് കല്ലെറിയുന്നതുമാണ്. സ്ത്രീകൾ, പെൺകുട്ടികൾ, അവരുടേതായ ലോകത്ത് എത്ര സന്തുഷ്ടരാണെന്ന് ചിത്രം വരച്ചു കാട്ടുന്നു. അത് തടവറയിലാണെങ്കിൽ പോലും.

ഈ ചിത്രത്തിൽ ഈ പെൺകുട്ടികളെ തടവിലാക്കുന്നത് അവരുടെ പിതാവിന്റെ സഹോദരനാണ്. അവരുടെ സ്വാതന്ത്ര്യം കവരുന്ന, അവരെ മർദിക്കുന്ന, അവരുടെ കൂട്ടുകാരെ ആട്ടിയോടിക്കുന്നയാൾ. അഞ്ച് പെൺകുട്ടികളുടെ ജീവിതം ഒരു പുരുഷൻ, അത് ബന്ധുവായാലും എത്ര നരകതുല്യമാക്കുന്നു എന്ന് ചിത്രം വരച്ചു കാണിക്കുന്നു.

കാൻസ് ചലച്ചിത്രമേളയിലുൾപ്പടെ നിരവധി അന്തർദേശീയ പുരസ്കാരം നേടിയ ഈ ചിത്രത്തിന്റെ കഥ നടക്കുന്നത് തുർക്കിയിലാണെങ്കിലും ലോകത്തേത് രാജ്യത്തും ഈ സംഭവങ്ങൾ പ്രസക്തമാണ്. കാരണം, അമേരിക്കയിലും ഇന്ത്യയിലും ആസ്ട്രേലിയയിലും ആഫ്രിക്കയിലുമെല്ലാം സ്ത്രീകളുടെ പെൺകുട്ടികളുടെ അനുഭവങ്ങൾ, അവരുടെ വികാരങ്ങൾ, അവരുടെ വിചാരലോകം എല്ലായ്പ്പോഴും ഒന്നു തന്നെയാണ്.



# കടൽകാക്ക



അഞ്ജന .കെ 9.N

ഒരു കടൽത്തീരത്തു ഒരു കടൽക്കാക്കയും നാല് മക്കളും താമസിച്ചിരുന്നു.അവർ കടലിൽ നിന്ന് കിട്ടുന്ന ഭക്ഷണം കഴിച്ചായിരുന്നു താമസം. അതിൽ നാലാമത്തവൻ ഭക്ഷണം തേടാൻ പോകില്ലായിരുന്നു. അവൻ അത് അറിയില്ലായിരുന്നു. അവന്റെ ഏട്ടന്മാരും അമ്മയും കഴിക്കുന്നത് നോക്കിനിൽക്കുകയാണ് ചെയ്യുക.അവർ ഇപ്പോഴും അവനെ ഭക്ഷണം തേടാൻ വിളിക്കുമായിരുന്നു.പക്ഷെ അവൻ പോകില്ലായിരുന്നു.അവന് വളരെ പേടിയായിരുന്നു തിരമാല.

ഒരു നാൾ അമ്മ പറഞ്ഞു ''നീ വരുകയില്ലെങ്കിൽ ഞാൻ നിനക്ക് ഭക്ഷണം കൊടുക്കുന്ന തരില്ല'' . അങ്ങനെ അമ്മ ഭക്ഷണം തേടാൻ പോയപ്പോൾ അവൻ നോക്കിനിന്ന് 'അമ്മ എനിക്ക് ഇപ്പോൾ കൊണ്ടുവരും എന്ന പ്രതീക്ഷയിൽ. പക്ഷെ അമ്മ അവന് കൊണ്ടുകൊടുത്തില്ല.അവന് കുറച്ചുന്നേരം കഴിഞ്ഞപ്പോൾ മെല്ലെ മെല്ലെ ,അമ്മയുടെ അടുത്തേക്ക് ചെന്നു. അത് പേടിച്ച കഴിക്കാൻ അപ്പോഴേക്കും തിരമാല വീശിവന്നു അത്കൊണ്ട് അവൻ ഓടാൻ തുടങ്ങി .തിരമാല പോയശേഷം അമ്മ അവനെ വിളിച്ചു ''ഇല്ല '' എന്ന് പറഞ്ഞു. അങ്ങനെ അമ്മ വീണ്ടും തീറ്റ അന്വേഷിച് പോയി. അവൻ കുറച്ച കഴിഞ്ഞു അമ്മയുടെ അടുത്തേക്ക് പോയി. അവൻ കഴിക്കാൻ നിന്നപ്പോഴേക്കും ശക്തിയായ തിരമാല വന്നു അവൻ പേടിച്ചു ഓടി. കുറച്ചു കഴിഞ്ഞപ്പോൾ അവൻ അറിയാതെ അവൻ നടന്നു . പെട്ടെന്നുനോക്കിയപ്പോൾ ഒരു ഞണ്ടിന്റെ മെലിലായിരുന്നു അവൻ

നിന്നിരുന്നത് .ആ ഞണ്ടു അവന്റെ കുടുമ്പത്തോടൊപ്പം ഭക്ഷണം തേടി പോകുകയായിരുന്നു. അത് കണ്ടപ്പോൾ അവന് അത്ഭുതമായി .

അവർ സന്ദോഷത്തോടെ തിരമാലയെ ഒന്നും ഭയമില്ലാതെ ഭക്ഷണം തേടുകയായിരുന്നു. ആ സമയത്തു ഒരു വലിയ തിരമാല വരുന്നു. അപ്പോൾ ആ ചെറിയ ഞണ്ടു മണലിൽ തുഴന്നു കയറി അത് കണ്ടു നിൽക്കെ അവനും തിരമാലയിൽ നിന്ന് രക്ഷനേടാൻ ഞണ്ടു ചെയ്യുന്നത് പോലെ മണലിൽ നുഴഞ്ഞു കയറി. തിരമാല പോയേക്കും ചെറിയ കടൽകാക്കകുഞ്ഞിനു ധാരാളം ഭക്ഷണം കഴിക്കാൻ കിട്ടി. അത് കണ്ട അവൻ തുള്ളിച്ചാടി ഇത് കണ്ട അവന്റെ അമ്മയ്ക്കും സന്ദോഷമായി. അവൻ അവന്റെ സഹോദരങ്ങൾക്കും കൂട്ടുകാർക്കും അവൻ കിട്ടിയത്തെല്ലാം കൊടുക്കാൻ തുടങ്ങി അവൻ സന്തോഷത്തോടെ തുള്ളിച്ചാടി ഭക്ഷണം തേടാൻ തുടങ്ങിയതോടെ അവന്റെ പേടി മാറി അവൻ രാത്രിയിലും പകലിലും സന്തോഷത്തോടെ ജീവിച്ചു.



# പുകവലി

എഡിറ്റോറിയൽ

**പോ**ർച്ചുഗീസ്സ്ർ സംഭാവനയായി ഇന്ത്യക്ക് നൽകിയതാണ് പുകയില ശാസ്ത്ര സാങ്കേതിക വിപ്ലവത്തിന്റെ ഈ ആധുനിക യുഗത്തിലും ഇന്ത്യയിൽ 14 .6 കോടി പുരുഷന്മാരും 7 .2 കോടി സ്ത്രീകളും വിവിധരൂപത്തിലായി പുകയില ഉപയോഗിക്കുന്നു . രാജ്യത്ത് ബാലാരിഷ്ടതകൾ നിലനില്ക്കുകയാണ് കോടിക്കണക്കിന് മനുഷ്യർ കോടിക്കണക്കിനു രൂപയും തങ്ങളുടെ ജീവനും വ്യഥാ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് .

ലോകത് 35 ലക്ഷം മനുഷ്യരും ഇന്ത്യയിൽ മാത്രം 8 ലക്ഷ്യത്തിലേറെ പേരും ഓരോ വർഷവും മരണപ്പെടുന്നു . ഇന്ത്യയിൽ വർധിച്ചുവരുന്ന ക്യാൻസറിന്റെ മൂന്നിലൊരുഭാഗവും പുകയിലയുടെ ഏതെകിളിമൊരു ഉപയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു . ദാരിദ്ര്യത്തിന്റെ ദുരിതം പേറുന്ന നമ്മുടെരാജ്യം ഓരോ വർഷവും 200 കോടി രൂപയാണ് പുകയിലയുമായി ബന്ധപ്പെട്ട രോഗങ്ങൾക്കായി ചിലവഴിക്കുന്നത് . കലാകായിക രംഗത്തെ പ്രമുഖർ പുകയില ഉപയോഗിക്കുന്ന രൂപത്തിലുള്ള പരസ്യങ്ങൾ



സാധാരണക്കാരെ അതിലേക്ക് ആകർഷിക്കുന്നു . പുകയില ആരോഗ്യത്തിന് ഹാനീകരം എന്ന വ്യത്യസ്ത ഭാഷയിലൂടെ ഉള്ള മുന്നറിയിപ്പുകൾ ഇവിടെ ശ്രദ്ധിക്കപ്പെടാതെ പോകുന്നു .

പുകവലിയുടെ ഉണ്ടാകുന്ന പ്രധാന രോഗം കാൻസർ ആണ് .ഗർഭാശയം ,

**മൂത്രസഞ്ചി , ആമാശയം , ശ്വാസകോശം, ആഗ്നേയഗ്രന്ഥി , ഹൃദയം , രക്തക്കുഴലുകൾ, എന്നിവയിൽ ബാധിക്കുന്നു . മറ്റനവധി അസുഖകൾക്കും പക്ഷാഘാതത്തിനും ഉയർന്ന രക്തസമ്മർദത്തിനും നേരിട്ടും അല്ലാതായമുള്ള ധൂമപാനം കാരണമാകുന്നു . അതിഭയാനകമായ ഈ വിപത് ബോധവത്കരണത്തിലൂടെ മാത്രമേ നിർമാർജ്ജനം ചെയ്യാൻ കഴിയൂ . കർമ്മശേഷി നശിപ്പിക്കുനതോടപ്പം സാമ്പത്തിക നഷ്ടവും വരുത്തി വയ്ക്കുന്ന ഈ ദുശ്ശീലത്തിനെതിരെ സാമൂഹിക സാംസ്കാരിക രംഗത്തുള്ളവർ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട് . സാമൂഹ്യ മാറ്റത്തിനായി നമ്മുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം പ്രത്യാശിക്കാം .**

●






# കേരം

ദൃശ്യ കൃഷ്ണ .9E

**നിരയായി വരിയായി നിൽക്കുന്ന കണ്ടോ**
**കേരം എന്നൊരു പൂങ്കാവ്**
**തേനിൽ മധുരം കേരനീർ**
**തൂവൽ സ്പർശം ചകിരിതൻ**
**വീണാല്ലയോ, ട്ടീം,ട്ടീം ,ട്ടീം**







# إستخدام الإنترنت في التعليم و التعلّم

محمد مصطفى

الإنترنت يتسارع التطور التكنولوجي الهائل فأصبح الاعتماد على شبكة الإنترنت كبيراً في معظم مجالات الحياة تقريباً ومن ضمنها المجال التعليمي، فلم تعد هناك جامعة أو مدرسة أو أي مؤسسة تعليمية أخرى إلا وتعتمد على هذه الشبكة في عملها وفي أيصال المعلومة للطالب وفي تلقي التغذية الراجعة منه، كما أصبح لها دور مهم في عملية التعلم واعتماد الطالب على نفسه، فما هي الفوائد التي تحققها هذه الشبكة في التعليم والتعلم؟ هذا ما سنتعرف عليه في هذا المقال

## فوائد الإنترنت في التعليم والتعلم

### نقل الملفات

يوفر الإنترنت خدمة نقل الملفات المتنوعة بين المواقع المختلفة للاستفادة منها في العملية التعليمية والتعلمية

### تنمية الإبداع

يوفر الإنترنت فرصة لتنمية الإبداع لدى مستخدميه خاصة الطلبة من خلال ما يطرحه من معلومات تني عقلهم، كما أنّه يعتبر وسيلة سهلة للطلاب والمعلمين لنشر إبداعاتهم المختلفة والوصول إلى إبداعات الآخرين

### الدراسات والبحوث

يوفر الإنترنت كمية هائلة من البحوث والدراسات والمعلومات في المجالات المختلفة، كما أنّه يوّفر إمكانية الدخول للمكتبات العالمية عن بعد والاستفادة منها في التعليم وفي إعداد البحوث والدراسات المختلفة

البريد الإلكتروني

يعد البريد الإلكتروني وسيلة اتصال تسهل تواصل الطلبة فيما بينهم وذلك حتى يتبادلوا الأفكار والمعلومات التربوية والتعليمية، كما أنّهم يتواصلون من خلاله بعد الدوام المدرسي مع أستاذهم ومعلمهم

الاستفادة من المواقع التعليمية

يمكن الاستفادة من المواقع التعليمية من خلال زيارة المواقع التي تكون مخصصة ومحتوية على أدلة المواقع التعليمية والتربوي الأجنبية والعربية المختلفة

المشاركة في المنتديات التربوية

توفر المنتديات التربوية مواقع تعليمية متخصصة تتيح المناقشة فيها بالإضافة إلى المشاركة بمسابقات ومواضيع علمية

زيارة المواقع المتخصصة

تم زيارة المواقع المتخصصة عبر زيارة المواقع العربية والأجنبية للمعلمين والجامعيين والتي تخص مواضيع دراساتهم المختلفة

الاستفادة من مواقع البحث المشهورة

يوفر الإنترنت العديد من مواقع البحث المتخصصة في ذلك مثل جوجل وياهو والتي يمكن للمتعلم من خلالها البحث عن المعلومات التي يريدها والتي تفيده في تعليمه

## إنشاء مواقع للمواد التعليمية المختلفة

يمكن للمعلم أن ينشئ موقعاً خاصاً بالمادة الدراسية التي يعطيها لطلابه، كما يتمكن الطلاب من خلاله من الاستفادة بالمادة التي يضعها المعلم على هذا الموقع ومناقشته فيه، وهذا يحقق فائدة لأكبر قدر من الطلاب

### سرعة الحصول على المعلومة

الحصول على معلومات سريعة وسهلة وحديثة موثوقة مقارنةً مع وسائل الإعلام




# താരാട്ട് പാടാനായി



മനസി വി.വി .9F

''അച്ഛന്റെ പൊന്നുമോളെവിടെ കാണട്ടെ ;;...........

''ഹി ഹി അച്ഛന്റെ മോളൂട്ടി ഇവിടെ ഉണ്ടല്ലോ ''........ അവൾ അച്ഛന്റെ മടിയിൽ കയറി കളിക്കാൻ തുടങ്ങി . കളിയും ചിരിയും സന്തോഷവും കുസൃതിയും കൊണ്ട് ബഹളമായിരുന്നു ആ വീട് . അമ്മ ലതയും അച്ഛൻ പ്രകാശനും അധ്യാപകരാണ് . കുറെ വർഷങ്ങൾ കാത്തു കാത്തു ഉണ്ടായതാണ് മോളൂട്ടി എന്ന മാളവിക .



അവൾ പഠനത്തിൽ മുന്നോട്ടാണ് . രണ്ടാം ക്ലാസ്സിൽ എത്തിയിട്ടേ ഉള്ളൂ .എന്നാലും നാവ് എംബിബിസിനാണ്.എല്ലാവർക്കും അവളെ ഒരുപാട് ഇഷ്ടമായിരുന്നു . ആരുടെയും ഇഷ്ടം പിടിച്ചുപറ്റാനുള്ള ഒരു പ്രത്യേക കഴിവ് അവൾക്കുണ്ടായിരുന്നു. അങ്ങനെ അച്ഛന്റെയും അമ്മയുടെയും സ്നേഹ തണലിൽ മോളൂട്ടി വളർന്നു . അങ്ങനെ പ്രായപൂർത്തിയായ സുന്ദരി കുട്ടിയായി മോളൂട്ടി വളർന്നു .

ഒരു ശക്തമായ കാറ്റ് ദീപത്തെ അണക്കുന്ന പോലെ യാണ് എല്ലാ സന്തോഷങ്ങളെയും തള്ളി കെടുത്തിയ ആ വാർത്ത പ്രകാശനം ലതയും അറിഞ്ഞത്. താൻ ഓമനിച്ച കൊഞ്ചിച്ച ഉമ്മവെച്ചും കൊണ്ട് നടന്ന തന്റെ പ്രിയ മോളൂട്ടി അവൾക്ക് ഇഷ്ടപെട്ട പുരുഷനോടൊപ്പം ഇറങ്ങി പോയിരിക്കുന്നു . ആരാണ് അവൻ കുടുംബം ,ജോലി ,പേര്,നാട് ഒന്ന് തന്നെ ആർക്കും തന്നെ അറിയില്ല . ആ സ്നേഹ നിധികളായ രണ്ടു ശരീരങ്ങളിലെ ജീവന്റെ തുടിപ്പുകൾ ഒന്നന്നായി ഇല്ലാതാവും പോലെ . ഒന്നും തന്നെ ഊരിയാടാനാവാതെ അവർ പരസ്പരം നോക്കി നിന്നു. അന്വേഷണങ്ങൾ ആരംഭിച്ച .പോലീസും നാട്ടുകാരും ചേർന്ന് സകല സഹായങ്ങളും

അന്വേഷണങ്ങളും ചെയ്തു .എന്നാൽ തന്റെ പ്രിയപ്പെട്ട മോളൂട്ടിയെ കണ്ടതാണ് കഴിഞ്ഞില്ല .ചിരി എന്നന്നേക്കുമായി മാഞ്ഞുപോയ ആ രണ്ടു മുഖങ്ങളിൽ കണ്ണീരിന്റെ നൂൽചാലുമാത്രം ബാക്കിയായി . ഒന്നും തന്നെ തൊണ്ടയിലൂടെ ഇറങ്ങുന്നില്ല .എന്നാലും കഴിക്കാനുള്ള മട്ടിൽ ഇലയിട്ട് ഇരിക്കും . ഒപ്പം മോളൂട്ടിക്കുള്ള ഇലയുമിടും . ഇഷ്ടപ്പെട്ട ,അവളുടെ പ്രിയപ്പെട്ട കറികളെലാം ഉണ്ടാക്കി വിളമ്പി വെക്കും എന്നെങ്കിലും ഒരു നാൾ അതെല്ലാം കഴിക്കാൻ .''അമ്മെ ...അച്ഛാ...ഞാൻ വന്നു '' എന്ന് പറഞ്ഞു അവൾ വരുംഎന്ന വിശ്വാസം കൊണ്ടായിരുന്നു അത് .മോളൂട്ടിയുടെ മധുരമായ ഓർമ്മകൾ കൊണ്ട് പ്രകാശനും ലതയും ദിവസങ്ങൾ തള്ളി നീക്കി ആ വാർത്ത ! അത് വന്നു .വർഷങ്ങൾ കാത്തിരുന്ന് ആറ്റുനോറ്റുണ്ടായ തങ്ങളുടെ ജീവന്റെ മോളൂട്ടി ഈ ഭൂമി വിട്ടു പോയി എന്ന സത്യം ലതയും പ്രകാശനും ഒരു ഞെട്ടലോടെ അറിഞ്ഞു .സാധാരണ മരണമല്ല . കൊലപാതകം

അക്ഷരാർത്ഥത്തിൽ പറഞ്ഞാൽ പീഡനം! ജീവിത എല്ലാം തങ്ങളുടെ പ്രിയ പുത്രിക്കായി ഒഴിഞ്ഞു വച്ച ആ രണ്ടു ആത്മാക്കൾ നീറി നീറി മനസ് മരവിച്ച നിന്ന നിൽപ്പിൽ തന്നെ ഇല്ലാതായി . മനസ് മുഴുവൻ മോളൂട്ടിയുടെ മുഖവും അവളുടെ ചിരിയും കുസൃതികൾ മാത്രം.ചലനമറ്റ തന്റെ പ്രിയ പുത്രിയുടെ ശരീരം കാണുവാനുള്ള ധൈര്യം ആ രണ്ടു മനസ്സിന് ഉണ്ടായിരുന്നില്ല .മോളൂട്ടി സ്വർഗ്ഗ ലോകത്തിരുന്നു അവരെ കൈമാടി വിളിക്കുന്നതായി ആ അമ്മയ്ക്കും അച്ഛനും തോന്നി .മകൾക്ക് താരാട്ടുപാടാനായി അവരും മോളൂട്ടിയുടെ അടുത്തേക്ക് യാത്രയായി

# സൈബർ ലോകവും ജീവിതവും



മുഹമ്മദ് മുസ്തഫ
എച്ച്.എസ്.എ അറബിക്

കമ്പ്യൂട്ടർ സെക്സ് , ഇന്റർനെറ്റ് സെക്സ് ,നേടി സെക്സ് , വെർച്വൽ സെക്സ്, ഓൺലൈൻ സെക്സ് ,സൈബർ സെക്സ് അഥവാ ഇ-സെക്സ്. മൊബൈൽ ഫോൺ മുതൽ കമ്പ്യൂട്ടർ വരെയുള്ള ഇലക്ട്രോണിക്സ് ഗാഡ്ജെറ്റുകളിലൂടെയാണ് ഈ ലൈംഗികാസ്വാദനം നടക്കുന്നത്. ലൈംഗിക പ്രധാനമായ ചിത്രങ്ങൾ ,വീഡിയോ ,ഓഡിയോ എന്നിവ ആസ്വദിക്കുന്നതിനും രണ്ടോ അതിലധികമോ വ്യക്തികൾ തമ്മിൽ ഇന്റർനെറ്റ് സഹായത്തോടെ പരസ്പരം കണ്ടുകൊണ്ടോ അല്ലാതെയോ നടത്തുന്ന ലൈംഗികമായ ആശയ വിനിമയവുമാണ് സൈബർ സെക്സിലൂടെ നടക്കുന്നത് അതിലൂടെ ലൈംഗിക സംതൃപ്തി നേടുകയാണ് ലക്ഷ്യം. അയഥാർത്ഥമായ ലൈംഗികതയുടെ മുന്നിൽ പലരും അടിമപ്പെടുമ്പോൾ യഥാർത്ഥ ലൈംഗികത പിന്തള്ളപ്പെട്ടുപോകുന്നു .ദാമ്പത്യങ്ങൾ തകിടം മറിയുന്നു ഇത് നമ്മൾ കരുതുന്നതിനേക്കാളും അപകടകരമായ അവസ്ഥയായി പരിണമിക്കുകയാണ്.

## ഗുരുതരമായ അടിമത്തം

ഇന്റർനെറ്റ് സന്ദർശകരിൽ 60 % പേരും ലൈംഗിക താല്പര്യത്തോടെ അശ്ലീല സൈറ്റുകളിൽ പരത്തുന്നവരാണ്. ലൈംഗിക ചിത്രങ്ങൾ കാണുകയും സ്വയംഭോഗത്തിൽ ഏർപ്പെടുകയും ചെയ്യുന്നതിനപ്പുറം വിശാലമായ

ലൈംഗിക സത്യധകളാണ് സൈബർ ലോകം തുറന്നിടുന്നത്. ആൺ/പെൺ വേശ്യകളുടെ സങ്കേതങ്ങളിലേക്കുള്ള ക്ഷണം. സ്വന്തം ലൈംഗികത ചിത്രീകരിച്ചും സുഖം തേടുവാനോ പണം സമ്പാദിക്കുവാനോ ഉള്ള മാർഗങ്ങൾ ,അചേതന വസ്തുക്കളിൽ ലൈംഗിക താല്പര്യം കണ്ടെത്തുവാനുള്ള വഴികൾ ,ലൈംഗിക കളിപ്പാട്ടങ്ങൾ വിൽക്കുന്നതിനുള്ള വിപണി അങ്ങനെ തുടങ്ങുന്നു അത്.

മാനസിക വൈകല്യത്തിലേക്ക്

ലൈംഗിക വിദ്യാഭ്യാസ കുറവും സദാചാരചിന്തകളും വല്ലാതെ പിടിമുറുക്കുന്ന നമ്മുടെ സമൂഹം സൈബർ ലൈംഗികതയെ രണ്ടു കയ്യും നീട്ടി സ്വീകരിച്ചതിൽ അതിശയമില്ല.പലപ്പോഴും ഇത് വൈകല്യങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്നു.ശരീര ഭാഗങ്ങൾ സ്വയം പ്രദർശിപ്പിക്കുന്നത് മുതൽ പങ്കാളി അറിയാതെ സ്വകാര്യ ലൈംഗിക വേഴ്ച ക്യാമറിയിൽ പകർത്തി വഞ്ചിക്കുക .ലൈംഗിക സംബാഹസനങ്ങൾ ഫോണിൽ റെക്കോഡ് ചെയ്തു സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുക തുടങ്ങിയ മനോവൈകല്യങ്ങൾ പ്രകടിപ്പിക്കുന്നവരുടെ എണ്ണം കൂടിവരുന്നു.

## കുടുംബ ജീവിതത്തിൽ

സൈബർ ലൈംഗികതയ്ക്ക് അടിമപ്പെട്ടാൽ ഏറ്റവും വലിയ നഷ്ട്ടം ദാമ്പത്യ ജീവിതത്തിനായിരിക്കും .പാൻകാലികളുമായി നേരിട്ടുള്ള ബന്ധത്തേക്കാൾ ആസ്വാദ്യകരമാണ് ഇവയെന്ന് വരുന്നതോടെ ലൈംഗിക ജീവിതം താളം തെറ്റുന്നു. ജീവിത പാൻകാളിയുടെ സ്നേഹക്കുറവും ലൈംഗിക താല്പര്യക്കുറവും മുതൽ വെറുപ്പും അറപ്പുമുള്ള ലൈംഗികപ്രവൃത്തികളിലെ സംതൃപ്തിക്കുറവും വരെ ദാമ്പത്യത്തിൽ വിള്ളൽ വീഴ്ത്തുന്നു. ലൈംഗികതയിലെ ഫാന്റസിയും യാഥാർഥ്യവും തമ്മിലുള്ള വ്യത്യാസം മനസിലാക്കുക എന്നത് പ്രധാനമാണ്. ലൈംഗികത എന്നത് ആസ്വാദനത്തിനപ്പുറം ഒരു പ്രകൃതി ധർമ്മം നിറവേറ്റുവാനുള്ള കർമ്മംകൂടിയാണ്. വീഡിയോകളിൽ തികച്ചും പ്രഫഷണലായ അഭിനേതാക്കൾ നടത്തുന്ന ലൈംഗിക പരാക്രമങ്ങൾ

യഥാർത്ഥ ജീവിതവുമായി ബന്ധമില്ലാത്തതാണെന്നും മനസ്സിലാക്കേണ്ടതുണ്ട്.ഈ ലഹരി മൂലം കഷ്ട്ടപ്പെടുന്ന ജീവിത പങ്കാളിയുടെ മാനസിക ശാരീരിക വേദനയെക്കുറിച്ച് ഇടക്ക് ഓർക്കുക. ഇവയൊക്കെ സൈബർ സെക്സ് അടിമത്തത്തിൽനിന്ന് മോചിപ്പിക്കാൻ സഹായിക്കും.

**കടപ്പാട്**

ഡോ.റോബിൻ മാത്യു
ബിഹേവിയറിൽ സൈക്കോളജിസ്റ്റ്

നോവ ക്ലിനിക്ക് കാഞ്ഞിരപ്പള്ളി ,കോട്ടയം

# ഊട്ടിയിലെ ഒരു ദിവസം



അർജ്ജുൻ കൃഷ്ണ

നല്ലതും ചീത്തയും നിറഞ്ഞ ഒരുപാടൊരുപാട് അനുഭവങ്ങളുണ്ട് ഒരു നീണ്ട നിര തന്നെയുണ്ട് മനസ്സ് നിറയെ ഓർക്കാനിഷ്ടപ്പെടുന്നതും ഇഷ്ടപെടാത്തതുമായ ഒരുപാടൊരുപാടുണ്ട് അനുഭവങ്ങൾ അതിൽ എന്നും ഓർക്കാനിഷ്ടപ്പെടുന്ന ഒരു നല്ല ഓർമയായിരുന്നു അന്നത്തെ ദിവസം! അതെ ഞങ്ങൾ ദിവസങ്ങൾ എത്രയോ മുമ്പ് പറഞ്ഞു വെച്ച് നെയ്തു കിട്ടിയ ആ സ്വപ്നമാണ് അന്ന് യാഥാർഥ്യമായത് എന്നൊരു കാര്യവും മുമ്പ് പറഞ്ഞു വെച്ചാൽ എന്നെ സംബന്ധിച്ച് അത് നടക്കാറുള്ളത് പതിവില്ല എന്നാൽ അതിൽ നിന്നെല്ലാം മാറി ആ ആഗ്രഹം നടന്നപ്പോൾ അല്ല ദൈവം നടത്തിത്തന്നപ്പോൾ പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു സംയഹോഷം തോന്നി പുലർച്ചെ അഞ്ചു മണിക്കുള്ള യാത്ര തുടക്കത്തിൽ തന്നെ എനിക്ക് ഒരു പ്രാർത്ഥന ഉണ്ടായിരുന്നു ദൈവമേ ഇന്നത്തെ ഈ പകൽ പെട്ടന്നൊന്ന് അവസാനിക്കല്ലേ എന്ന് എവിടെ കേള്ക്കാന്

പുലർന്നിരുന്നെകിലും പ്രഭാതം തീരെ വെളുത്തിരുന്നില്ല പുലരാൻ കാലത്തും വൈകുന്നേരങ്ങളിലുമുള്ള യാത്ര അത് മടുപ്പില്ലാത്തതും സുഗമുള്ളതും അതിലേറെ രസമുള്ളതുമായ ഒരനുഭവമായിരുന്നു അത് പിന്നെ ക്ഷിണം അനുഭവിക്കാത്ത ഒരുവണ്ടിയിൽ തന്നെ ഇരിക്കുമ്പോൾ പ്രതിയേകിച്ചും യാത്രയിൽ തണുത്തകാറ്റ് മനസിനെയും ശരീരത്തെയും ഒരു പോലെ തന്നെ കുളിരണിയിപ്പിച്ചുപോകും വഴിയിൽ ഞാനും അച്ഛനും ചന്ദ്രൻ പപ്പനും ഡ്രൈവർ രാജീവേട്ടനും മുൻ സീറ്റിലുമായിരുന്നു ഞങ്ങളുടെ പിന്നിലെ സീറ്റിൽ മാണി മമ്മയും സീത ചേച്ചിയും അമ്മു ചേച്ചിയും ചിന്നു ചേച്ചിയുമാണ് ഇരുന്നിരുന്നത് അവരുടെ പിറകിൽ അമ്മാമയും സുജാത ചേച്ചിയും ശാന്ത ചേച്ചിയും കണ്ണേട്ടനുമാണ് ഇരുന്നിരുന്നത് ഏറ്റവും പിൻഭാഗത്തെ സീറ്റിൽ

എന്റെ രണ്ട ഏട്ടന്മാരും അപ്പുവേട്ടനും ശിവനിച്ചേച്ചിയുമാണ് ഇരുന്നിരുന്നത് രാജീവേട്ടനും സ്വന്തം വണ്ടിയായിരുന്നെങ്കിലും അവരൊരു ഡ്രൈവറായിരുന്നില്ല ഞങ്ങളിലൊരാളായി തന്നെ കൂടെയുണ്ടായിരുന്നു വഴിക്കടവിലെത്തിയപ്പോയേക്കും നേരം നന്നായി വെളുത്തിരുന്നു ഇതിനിടക്ക് നിലംബൂർ തെക്കുമുസിയത്തിലെ ചെറിയൊരു ഭാഗം കണ്ണൻ കഴിഞ്ഞു അവിടേക്കു പോകണമെന്ന് കുറെ കാലമായുള്ള ആഗ്രഹമായിരുന്നു ഈ യാത്രാവേളയിൽ ചെറുതായെങ്കിലും അതിന്നു കഴിഞ്ഞു

തമിഴ്നാടിന്റെ അതിർത്തി മുറിച്ചുകിടകും മുൻബ് ചുമര്ചിത്രത്തിനടുത്താണ് മാണിനിർത്തിയത് ഞങ്ങളുടെ യാത്രയില്ലെ അടുത്തകാഴ്ചയായിരുന്നു അത് എല്ലാവരും അടുത്ത് പോയി ചിത്രങ്ങൾ പകർത്തി വീണ്ടും യാത്രുടർന് റോഡിന്റെ രണ്ടു ഓരങ്ങളിലെയും ഓരോ കാഴ്ചകൾ ഞങ്ങളെ അത്ഭുതപെടുത്തി തോട്ടി പോലെ നീണ്ടു നിൽക്കുന്ന യുകെയ്ലിമരങ്ങൾ കാണാൻ നല്ല രസമായിരുന്നു വണ്ടിയോടികൊണ്ടിരുന്നു നെടുകെ റോഡ് അതിനരിവശത്തു പച്ച പുതപ്പിട്ടപോല്ലേ ബാങ്കിൽ വെട്ടിനിരത്തിയ തേയില തോട്ടങ്ങൾ ഏതു ഭാഗത്തേക്ക് നോക്കണമെന്ന്അറിയാതെ കുഴങ്ങിപ്പോയി കുറേദൂരം പിന്നിട്ടു ഒരുപാടു സന്തോഷത്തോടെ തമാശകൾ പറഞ്ഞു ഞങ്ങൾ പോയി നല്ലതും ചീത്തയും നിറഞ്ഞ ഒരുപാടൊരുപാട് അനുഭവങ്ങളുണ്ട് ഒരു നീണ്ട നിര തന്നെയുണ്ട് മനസ്സ് നിറയെ ഓർക്കാനിഷ്ടപ്പെടുന്നതും ഇഷ്ടപെടാത്തതുമായ ഒരുപാടൊരുപാടുണ്ട് അനുഭവങ്ങൾ അതിൽ എന്നും ഓർക്കാനിഷ്ടപ്പെടുന്ന ഒരു നല്ല ഓർമയായിരുന്നു അന്നത്തെ ദിവസം! അതെ ഞങ്ങൾ ദിവസങ്ങൾ എത്രയോ മുമ്പ് പറഞ്ഞു വെച്ച് നെയ്തു കിട്ടിയ ആ സ്വപ്നമാണ് അന്ന് യാഥാർഥ്യമായത് എന്നൊരു കാര്യവും മുമ്പ് പറഞ്ഞു വെച്ചാൽ എന്നെ സംബന്ധിച്ച് അത് നടക്കാറുള്ളത് പതിവില്ല എന്നാൽ അതിൽ നിന്നെല്ലാം മാറി ആ ആഗ്രഹം നടന്നപ്പോൾ അല്ല ദൈവം നടത്തിത്തന്നപ്പോൾ പറഞ്ഞറിയിക്കാൻ വയ്യാത്ത ഒരു സംയഹോഷം തോന്നി പുലർച്ചെ അഞ്ചു മണിക്കുള്ള യാത്ര തുടക്കത്തിൽ തന്നെ എനിക്ക് ഒരു പ്രാർത്ഥന ഉണ്ടായിരുന്നു ദൈവമേ ഇന്നത്തെ ഈ പകൽ പെട്ടന്നൊന്ന് അവസാനിക്കല്ലേ എന്ന് എവിടെ കേള്ക്കാന് പുലർന്നിരുന്നെകിലും പ്രഭാതം തീരെ വെളുത്തിരുന്നില്ല പുലരാൻ കാലത്തും

വൈകുന്നേരങ്ങളിലുമുള്ള യാത്ര അത് മടുപ്പില്ലാത്തതും സുഗമുള്ളതും അതിലേറെ രസമുള്ളതുമായ ഒരനുഭവമായിരുന്നു അത് പിന്നെ ക്ഷീണം അനുഭവിക്കാത്ത ഒരു വണ്ടിയിൽ തന്നെ ഇരിക്കുമ്പോൾ പ്രതിയേകിച്ചും യാത്രയിൽ തണുത്തകാറ്റ് മനസിനെയും ശരീരത്തെയും ഒരു പോലെ തന്നെ കുളിരണിയിപ്പിച്ചുപോകും വഴിയിൽ ഞാനും അച്ഛനും ചന്ദ്രൻ പപ്പനും ഡ്രൈവർ രാജീവേട്ടനും മുൻ സീറ്റിലുമായിരുന്നു ഞങ്ങളുടെ പിന്നിലെ സീറ്റിൽ മാണി മമ്മയും സീത ചേച്ചിയും അമ്മു ചേച്ചിയും ചിന്നു ചേച്ചിയുമാണ് ഇരുന്നിരുന്നത് അവരുടെ പിറകിൽ അമ്മാമയും സുജാത ചേച്ചിയും ശാന്ത ചേച്ചിയും കണ്ണേട്ടനുമാണ് ഇരുന്നിരുന്നത് ഏറ്റവും പിൻഭാഗത്തെ സീറ്റിൽ എന്റെ രണ്ട ഏട്ടന്മാരും അപ്പുവേട്ടനും ശിവനിച്ചേച്ചിയുമാണ് ഇരുന്നിരുന്നത് രാജീവേട്ടനും സ്വന്തം വണ്ടിയായിരുന്നെങ്കിലും അവരൊരു ഡ്രൈവറായിരുന്നില്ല ഞങ്ങളിലൊരാളായി തന്നെ കൂടെയുണ്ടായിരുന്നു വഴിക്കടവിലെത്തിയപ്പോയേക്കും നേരം നന്നായി വെളുത്തിരുന്നു ഇതിനിടക്ക് നിലമ്പൂർ തെക്കുമുസിയത്തിലെ ചെറിയൊരു ഭാഗം കണ്ണൻ കഴിഞ്ഞു അവിടേക്ക പോകണമെന്ന് കുറെ കാലമായുള്ള ആഗ്രഹമായിരുന്നു ഈ യാത്രാവേളയിൽ ചെറുതായെങ്കിലും അതിന്നു കഴിഞ്ഞു

തമിഴ്നാടിന്റെ അതിർത്തി മുറിച്ചുകിടകും മുൻബ് ചുമര്ചിത്രത്തിനടുത്താണ് മാണിനിർത്തിയത് ഞങ്ങളുടെ യാത്രയില്ലെ അടുത്തകാഴ്ചയായിരുന്നു അത് എല്ലാവരും അടുത്ത് പോയി ചിത്രങ്ങൾ പകർത്തി വീണ്ടും യാത്രതുടർന്ന് റോഡിന്റെ രണ്ടു ഓരങ്ങളിലെയും ഓരോ കാഴ്ചകൾ ഞങ്ങളെ അത്ഭുതപ്പെടുത്തി തോട്ടി പോലെ നീണ്ടു നിൽക്കുന്ന യുകെയ്ലിമരങ്ങൾ കാണാൻ നല്ല രസമായിരുന്നു വണ്ടിയോടികൊണ്ടിരുന്ന നെടുകെ റോഡ് അതിനരിവശത്തു പച്ച പുതപ്പിട്ടപോല്ലേ ബാങ്കിൽ വെട്ടിനിരത്തിയ തേയില തോട്ടങ്ങൾ ഏതു ഭാഗത്തേക്ക് നോക്കണമെന്ന്അറിയാതെ കുഴങ്ങിപ്പോയി കുറേദൂരം പിന്നിട്ടു ഒരുപാടു സന്ദോഷത്തോടെ തമാശകൾ പറഞ്ഞു ഞങ്ങൾ പോയി

യാത്ര തുടരുന്നതിനിടക്ക് സുജാത ചെവഹി ഒരഭിപ്രായം പറയുന്നത് കേട്ടു ഇവിടെഎവിടെവെങ്കിലും ഒരു രണ്ട് സെനറ്റ് സ്ഥലം കിട്ടിയെങ്കിൽ ഇങ്ങോട്ടു പോരമായിരുന്നു എന്നഅവര് പറഞ്ഞ് അത്രയ്ക്കും ശരിയായിരുന്നു ശരിക്കും ഒരാൾക്കിവിടെ ഇഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു കുറെ

പിന്നിട്ടപ്പോൾ വണ്ടി വീണ്ടും റോഡ് വക്കിൽ പാർക്ക് ചെയ്തു പ്രഭാത ഭക്ഷണം കഴിക്കാനായിരുന്നു കടലാസ്സ് പ്ലേറ്റിൽ ഓരോരുത്തർക്കും വേണ്ട ചപ്പാത്തിയും കറിയും ബ്രെഡും കറിയും പഴവുമൊക്കെ റോഡ് അരികത്തിൽ നിന്ന് കൊണ്ട് തമാശകൾ പറഞ്ഞു കഴിച്ചപ്പോൾ വല്ലാത്തൊരു അനുഭവമായിരുന്നു 'അമ്മ ഉണ്ടാക്കിയ മുട്ടക്കറി

എല്ലാവര്ക്കും നന്നായി ഇഷ്ടപ്പെട്ടിരുന്നു ചപ്പാത്തിക്കും ഉപമ ഇന്ത്യയുടെ മാപ് പോല്ലേയുണ്ടാലോ ഇതിന്റെ ആളാരാണെന്നു ചോദിച്ച രാജീവേട്ടൻ കളിയാക്കി ശദ്ധ ചേച്ചി ഉണ്ടാക്കിയതായിരുന്നു ഇതുപോലൊരു

അവസരം ദൈവം ഒരുക്കി താനെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ച പോയി വഴിവക്കിലൊക്കെയിരുന്നു താശപറഞ്ഞു ഭക്ഷണം കഴിക്കുന്നത് നല്ല രസമായിരുന്നു

വീണ്ടും യാത്ര തുടർന്നു ഇടക്കൊരു നല്ല കാഴ്ച കണ്ടു ഒറ്റയും ഇരട്ടായ്മയും കൂട്ടമായും ഒരുപാട്ട കുരങ്ങന്മാർ 'അമ്മ കുരങ്ങിന്റെ കാഴ്ഴതിലൂടെ വഴറ്റിൽ പറ്റിച്ചേർന്നു കിടക്കുന്നു കുട്ടികുരങ്ങുകളെ കാണാൻ നല്ല ബാംഗിയായിരുന്നു ചുരം കയറിയപ്പോൾ നല്ല രസമായിരുന്നു പുറത്തു എന്തോ തരത്തിലുള്ള കുട്ടയുംതൂക്കി കൊണ്ട് തേയില നുള്ളാൻ റോഡിന്റെ അരികിൽ നടന്നു പോകുന്ന സ്ത്രീകൾ ഓരോരുത്തരുടെയും ഭാവവും ദേശവും വ്യത്യസ്തമായിരുന്നു കുറെ ദൂരം പിന്നിട്ടപ്പോൾ റോഡിലൂടെ അലസമായി പാഞ്ഞു നടക്കുന്ന നായ്ക്കൾ വണ്ടിയിടക്ക് നിർത്തുണ്ടായിരുന്നു

റോഡിനൊരുവശത് മന്ദഹാസം നീണ്ട് കിടക്കുന്ന കായൽ ഓടക്കാട്ടുകൾ വിവിധ തരം പൂക്കൾ പൊന്ത കാട്ടുകൾ നിർവചിക്കാൻ കഴിയുന്നില്ല അജയ് ഞങ്ങളുടെ എല്ലാവരുടെയും ഫോട്ടോകൾ എടുത്തു ആകാശത്തിന്റെ മേഖങ്ങൾ തയീക്കിറങ്ങിയ പോലെയുള്ള കോട മഞ്ഞു കട്ടകക്കണ്ണൻ നല്ല ബാങ്കിയായിരുന്നു മഞ്ഞുമൂടി കിടക്കുന്ന ആ ഭാഗത്തേക്ക് ഇറങ്ങി ചെല്ലാൻ തോന്നി എന്നിട്ടു ഒരു മഞ്ഞുകട്ടയായി മാറാൻ ആഗ്രഹിച്ച തമാശയിൽ ചിരിയും വർത്തമാനവുമായി ഊട്ടിയിലെത്തിയത് ഞങ്ങളറിഞ്ഞതേയില്ല.പത്തു മണിക്ക് ഞങ്ങൾ ഊട്ടിയിലെത്തി ഒരു പാട്ട കാഴ്ചകൾ കാത്തിരിപ്പുണ്ടായിരുന്നു. ബോട്ട് ചെട്ടിയിലാണ് ഞങ്ങൾ ആദ്യം കയറിയത് അവിടെ കണ്ട പൂക്കളും

ചെടികളും പുല്ലുകളും ജീവിതത്തിൽ തന്നെ ആദ്യം കാണുന്നവരായിരുന്നു ഓരോ ഫാമിലിയും ഓരോ ബോട്ടിൽ കയറി കായലിലൂടെയുള്ള യാത്ര മറക്കാൻ പറ്റില്ല അതിനേക്കാൾ മറക്കാൻപറ്റാത്ത മറ്റൊന്നായിരുന്നു ആ കായലിലെ വെള്ളത്തിന്റെ ഗന്ധം അത്രയ്ക്കുനല്ലൊരു മാനമായിരുന്നു അത്.

തേയില്ല ഫാക്ടറിയിൽ കയറിയപ്പോൾ വെറുതെ നേരം പോയി എന്ന് എല്ലാവര്ക്കും ആദ്യം തോന്നിയെങ്കിലും പിന്നീടത് തിരുത്തേണ്ടിവന്നു. പച്ച തേയിലകൾ അവസാനം കാഴ്ചയിലായിരിക്കുമ്പോൾ ചായ പൊടിയായി ചാടുന്ന കാഴ്ച്ച കണ്ടപ്പോൾ അത്ഭുതം തോന്നി അവിടെ കുടിച്ച ചായയുടെ സ്വാദ് മറക്കാനാവില്ല അത്രയ്ക്ക് നല്ല സ്വാദായിരുന്നു ആ ചായക്ക് തേയില ഫാക്ടറിയും മനോഹരം ഇത്തിരി സെന്റ് ഭൂമിയിൽ പോലും ഇടതൂർന്നു കിടക്കുന്ന ഫ്ലാറ്റുകൾ ദൂരെ നിന്ന് നോക്കിയാൽ പല നിറത്തിലുള്ള വര്ണകടലടുകൾ വെട്ടിയ ശേഷം വാരി വിതറിയിട്ട പോലെ എന്നൊരു ഭാവന മനസ്സിൽ തോന്നി മറ്റൊരു പാർക്കിൽ കയറിയപ്പോൾ എന്തോരു നിറങ്ങളിലുള്ള പൂകളും മൊട്ടുകളുമാണ് കാണാൻ കഴിഞ്ഞത് സൂയിസൈഡ് പോയിന്റ്ചെന്നപ്പോ പേടി തോന്നി

അടുത്തതായി ഊട്ടിയിലെ അവസാന സന്ദർശന സ്ഥലമായ ബൊട്ടാണിക്കൽ ഗാർഡനിലേക്കാണ് വണ്ടി പിന്നീട് പോയത് കൂടുതൽ വിചിലവുണ്ടായിരുന്നത് ഇവിടെയായിരുന്നു എന്ന് ഞങ്ങൾക്കെല്ലാവര്കുംതോന്നിക്കരണം അത് അത്രയ്ക്കും മനോഹരമായിരുന്നു എത്ര വർണിച്ചാലും മതിവരാത്ത ഒരു വല്ലാത്ത സൗന്ദര്യത്തിനുടമ തന്നെ ഊട്ടി സമയം ആരെയോ പിടിക്കാൻ ഓടുമ്പോൾ പാഞ്ഞു കൊണ്ടിരിക്കുകയായിരുന്നു സമയം വൈകിട്ട് 6 മണിയായി ഈ പകൽ കട്ടം അവസാനിക്കരുതേ എന്ന് ഞാൻ തുടക്കത്തിൽ തന്നെ പ്രാർത്ഥിച്ചു എങ്കിലും അവസാനിച്ചു കഴിഞ്ഞു ബൊട്ടാണിക്കൽ ഗാർഡനിൽ നിന്നിറങ്ങിയപ്പോയേക്കും ഇരുളാൻ തുടങ്ങിയിരുന്നു ഏകദേശം ആറര മണിക്ക് അവിടെന്നിറങ്ങി പിന്നെ ചെറിയ ഷോപ്പിംഗ് ഞങ്ങൾ ഞങ്ങൾക്ക് വേണ്ടതെല്ലാം അവിടെ നിന്ന് വാങ്ങി ജീവിതത്തിൽ നമ്മളെ ഇഷ്ടപ്പെടുന്ന ആളുകളുടെ കൂടെ യാത്ര ചെയ്യുക എന്നത് ഒരു ഭാഗ്യം തന്നെ ഏകദേശം ഏഴു മണിക്ക് മനസ്സില്ല മനസ്സോടെ ഓടിയോടി വിട പറഞ്ഞു മടങ്ങുമ്പോൾ

**എല്ലാവരും മയക്കത്തിലായിരുന്നു വഴികടവിൽ നിന്നാണ് രാത്രി ഭക്ഷണം കഴിച്ചത് വീട്ടിൽ എത്തിയപ്പോഴേക്കും പതിനൊന്നുമണി കഴിഞ്ഞിരുന്നു ജീവിതത്തിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ദിവസം ആയിരുന്നു അത്**

**ഇനിയും കാത്തിരിക്കാം പ്രതീക്ഷ കൈവെടിയാതെ.......**





# വെയിൽ പറഞ്ഞത്





റീജ മോഹൻദാസ്
UPST

നിശബ്തമായ വെളിച്ചത്തിനായുള്ള ഒരു കാത്തിരിപ്പ് ....,നിരവധ്യമായ താപത്തിനായുള്ള അതേകാത്തിരുപ്പ്...,ഇന്ന് എന്റ സൂര്യൻ ഉദികുമോ എന്ന ചോദ്യങ്ങളുമായി മറ്റൊരു കാത്തിരിപ്പ്.ഒടുവിൽ സൂര്യൻ ഉദിക്കുന്ന നിഷ്ഫലമായ സ്നേഹം പൊഴിക്കുന്ന തിന്റ നേർകാഴ്ച. പുലരിവെണ്മയുടെ പ്രശാന്തത ക്കു പകരം,ഉദയസൂര്യൻ ചുവന്നുതുടുത്ത രശ്മികള് മുഖതേക് മുള്ളുകള് പോല്ലേ തുളച്ചുകയറിയപ്പോഴാണ് ഇഷ്ടമില്ലാത്തിടം ഒരു പ്രഭാതം കുടി കടന്നുവന്നിരിക്കുന്നു എന്ന സത്യം തിരിച്ചരിന്നത് ചളിയും, മണല്യം,വെള്ളവും ,ഇടകലർന്ന മുഷിന്നവരാതയിൽ നിന്നും ഇരുകൈകളുംനിലത്തുകുത്തി അവൾ പതുകെ എഴുനെറ്റു നിന്നു പിന്നെ ആരോഹണത്തിൽ എത്തിയ മഞ്ഞവെയിൽ മന്ദമാരുതയിൽ ലയിച്ചു അരുമയോടെ അവളുടെ കാതിലോതി .സത്യം ...മോളെ ....എനിക്കു ആ തേൻവറിപ്ലാവിന് താഴെഎല്ലാവർക്കും കഞ്ഞിവിതരണം നടത്തുണ്ട് വേഗം ചെന്നില്ലെങ്കിൽ തീർന്നു പോക്കും മുട്ടിന്ഒപ്പമുള്ള പുള്ളി ഷിമി വലിച്ചിറക്കി തലേദിവസം കിട്ടിയ പാളപ്ലേറ്റ് മാറോട്ടുചേർന്ന അവളാ അപായർത്തികാബിയിൽ ചരൽപ്പരപ്പിലൂടെ നടന്നു നിങീ.പകച്ചുപോയ പാറികളിക്കുന നയനങ്ങളും,വിറക്കുന്ന അത്തരങ്ങളുമായി നടന്നു നീങിയ ആ

നാലുവയസുകാരിയെ നിറഞ്ഞകണ്ണുകളോടെ നോക്കി നിൽക്കാൻ അവിടെ എണ്ണിയാൽ തീരാത്തത്ര ആളുകളുമുണ്ടായിരുന്നു എല്ലാവരുടെയും മുഖത് കഴിഞ്ഞദിവസങ്ങളിലെഭയപ്പാടുകളും ,അവശതയും,ഭാവിലേയ്ക്കുള്ള പ്രതിഷായററ ചിന്തകളും മാത്രം അപ്പോൾ ചുവന്ന തുടുത്ത കത്തിക്കയറുന്ന താപത്തിത്തിന്റ എരിവുമായി അവളെകന്നി കുടിക്കാൻ നിർബന്ധിച്ചു.വേവാതെ ഓടി കളിക്കുന്ന വെളുത്തരുട വറ്റുകളും,കോല്പ്പുകുറ ഞ കന്നിവെള്ളം സ്വാദോടെ മോന്തി ,മുഖം മുയർത്തിയവളുട മുകമലർ ചെറുതായെന്ന വിടർന്നുനില്കുന്നുണ്ടോ ......?ചെറിയൊരു സ്നേഹം പാ ളപ്ലേറ്റ്സാധിക്കുംവിധം വൃതിയാക്കി വരാന്തയിൽ തന്നെ കൊണ്ടുവച്ച സത്യം മേലെയിറക്കി നാടിനു നടന്നു പ്രചാടാനായ മദ്യനയസുര്യൻ വാചാരത്തിൽകതോടെ വന്ന് ഊക്കിൽ അവളെ കൈപിടിച്ചു നടത്തുകയാണ് അവളോടികളിച്ചു നടന്ന , അവളുടെ ചിരികളും,കൊച്ചാലുകളും

വരണമാല്യം ചാർത്തിയിരുന്നു ആ കടൽ തിരതേക്.അവിടെ ഉറച്ച കാൽപാതകളും മായി നിന്നും തെറിക്കുന്ന തീപൊരികൾ തിരമാലകൾപോലും ഭയപെട്ട നിൽക്കാൻ തുടങ്ങിരിക്കുന്നു ശേശം അവ രോഹണത്തിലെത്തിയ കത്തിയൊലിക്കുന്ന താപത്തിന്റ അറിവുമായി വന്ന വെയിലിനെ മൂകസാക്ഷിയാക്കി ആ കുരുന്ന് ഉറക്കെച്ചൊത്തിച്ചു എവിടെയാ അച്ഛനും അമ്മയും .....? ഇരുട്ടിൽ പത്തുകിവരുന്ന കള്ളനെപ്പോലെ നിനച്ചിരിക്കാത്തപോലെ നിനിന്റെമകൾ എന്തിന് ....? പൊട്ടിക്കാരന്കൊണ്ട് സത്യം ആ മണലപ്പരപ്പിലേക് കടലമ്മപകച്ചുനിൽകുകയായിരുന്നു പിന്നെ പിതനിരത്തിൽ ശമനത്തലമായിരുന്നു പീതവർണ്ണം ചാലിച്ച ആ പോക്കുവെയിലിന ഉടുതുണികൾ അഴിച്ചുവച്ച മെല്ല മെല്ല .തനിക്കിനി ആരുമില്ല സത്യം ഉൾകൊണ്ട അവൾ ഇവിടെ സത്യം . കടലിലെ ഓളപ്പരപ്പുകളിലേക്ക് തയനുപോകുമ്പോൾ അവളോട് പറയുന്നുണ്ടായിരുന്നു ...........അല്ലാത്തിനുംസാക്ഷി ചാരമാകുന്ന സുരയൻമാത്രം ............

# എന്റെ അൻഷി

**STUDENTS – 8.H**

തൊടുകുഴി കുന്നമ്മൽ അബ്ദുൽ ബാരിയുടെയും ഷംലയുടെയും ഏക പുത്രിയാണ് ഫാത്തിമ അൻഷി . ചെറുപ്പ കാലം മുതലെ സംഗീതത്തിൽ വളരെ താല്പര്യം കാണിച്ചിരുന്നു . ഒന്നാം ക്ലാസ് മുതൽ തന്നെ അൻഷി സംഗീതം അഭ്യസിക്കാൻ




തുടങ്ങി . തന്റെ വിദ്യാലയത്തിലെ നിസാർ സാർ തൊടുപുഴ എന്ന ഗുരു നാഥന്റെ കീഴിലായിരുന്നു രണ്ടാം ക്ലാസ് മുതൽ സ്കൂൾ കലോത്സവങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ച വെച്ചു.2013 ൽ AT ONES എന്ന ചിത്രത്തിൽ ഗാനം ആലപിച്ചു .2015 ,16 ,17 ,18 എന്നീ വർഷങ്ങളിൽ ശാസ്ത്രീയ സംഗീതം , ഉപകരണ സംഗീതം എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം ഹാട്രിക് നേടി സംസ്ഥാന സർക്കാരിന്റെ പ്രഥമ ഉജ്വല ബാല്യം ജേതാവ് കൂടിയാണ് അൻഷി .കൈരളി ചാനലിലെ കുട്ടി പട്ടുറുമാൽ




റിയാലിറ്റി ഷോ ഫൈനലിസ്റ്റ് . എന്റെ അൻഷി വിവിധ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് പഠിക്കാറുള്ളത് .12 ഭാഷകളിൽ പരിജ്ഞാനം നേടി റഷ്യൻ , മല്യ , ചൈനീസ് , ജാപ്പനീസ് കൂടാതെ നിരവധി ഭാഷകളിൽ പരിജ്ഞാനം

നേടിയിട്ടുണ്ട്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന THE PROJECT VISION എന്ന അന്താരാഷ്ട്ര സംഘടനയുടെ കേരളത്തിലെ പ്രഥമ അംബാസിഡർ . എന്റെ അൻഷിയുടെ ഉമ്മയും ഉപ്പയും പൂർണ്ണ പിന്തുണ നൽകുന്നു. ഭാവിയിൽ ഐ.എ.എസ് ഓഫീസർ ആകാനാണ് ആഗ്രഹം .എന്റെ അൻഷിക്ക് എന്റെ എല്ലാവിധ പ്രാർത്ഥനകളും നേരുന്നു.





# MILES TO GO

Shouba Shahin K.K .9F


**Its twenty thousands four hundred**
**and fifty two,**
**Shadows of trees, I had met**
**mountains that crawled**
**Uncountable memorised my**
**green full first step.**
**Stood on the mountain peak**
**I sweat wholly.**
**Counted remaining peaks that I**
**need to sweat.**
**The dwarf trees , I used to**
**take rest and giant pillar trees**
**wondered me,**
**How water goes continuously**
**Hills reinforced**

**That I am minute in world.**

**Numerous mountain again and again**

**searched for end.**

**Truth inspired me**



# ഗണിതം എന്ന ശാസ്ത്രം



സൂരജ്. ടി.എം 9.F

ശാസ്ത്രങ്ങളുടെ പടിപ്പുരയുടെ താക്കോലും എന്ന വിശേഷിക്കപ്പെടുന്ന ശാസ്ത്രമാണ് ഗണിതം എന്ന നാം വിളിക്കുന്ന ഗണിതശാസ്ത്രം. ഈ ശാസ്ത്രശാഖയുടെ പ്രയോഗവും സാധ്യതയും വൈവിധ്യപൂർണ്ണവം അനന്തവുമാണ്.അതിനാൽ അതിന്റെ സത്ത പൂർണമായും ഉൾകൊള്ളുന്ന ഒരു നിർവചനം സാധ്യമല്ല. മനുഷ്യന്റെ മനസ്സിൽ നിന്നും ഉരുത്തിരിഞ്ഞ അവന്റെ പ്രവർത്തികളിലൂടെയും പ്രകൃതിയുമായുള്ള ബന്ധത്തിലൂടെയും വികാസം പ്രാപിച്ച ശാസ്ത്രമാണ് ഗണിതം.അതുകൊണ്ട് തന്നെ മനുഷ്യരാശിയുടെ സംസ്കാരത്തോളം തന്നെ പഴക്കമുണ്ട് ഗണിത ശാസ്ത്രത്തിനും ഇന്ന് നൂതനമായ ശൈലികളും വ്യാപിത്വംകൊണ്ട് ഗംഭിരമായ ഒരു സ്വതന്ത്ര ശാസ്ത്രശാഖയായി മാറിയിരിക്കുന്ന ഗണിതശാസ്ത്രം മാത്രമല്ല മറ്റെല്ലാ ശാസ്ത്രശാഖകളും ഗണിതശാസ്ത്ര പരമായ പ്രകാശിപ്പിക്കാൻ കഴിയും എന്നുള്ളതാണ്.ഗണിത ശാസ്ത്രത്തിന്റെ ഏറ്റവും വലിയ സവിശേഷത നമ്മുടെ ഹൃദയ സ്പന്ദനങ്ങളുടെ നിരക്കുമുതൽ സങ്കീർണങ്ങളായ ആധുനിക സാങ്കേതികമായ വിദ്യകൾ വരെ വിശദികരിക്കുന്ന ഈ ശസ്ത്രത്തിന്റെ വ്യാപ്തി അനന്തമാണ് മനുഷ്യന്റെ എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങളുടെ എല്ലാം പിന്നിൽ പ്രവർത്തിച്ചിരിക്കുന്നത് ഗണിത ശാസ്ത്രമാണ് എന്നുള്ളതിൽ സംശയമില്ല.അതുകൊണ്ട് തന്നെ ഗണിതത്തെ കുറിച്ചും അതിന്റെ വികസത്തെ കുറിച്ചും ഓരോ മനുഷ്യനും അറിയേണ്ടത്.അനന്തമായ ഈ ശാസ്ത്ര സാഗരത്തിന്റെ തീരത്തു കുടിയെങ്കിലും നമ്മുക് ഒന്നു നടന്നു നോകാം തിരത്തടിയുന്ന മുത്തുകളുടെ വിലയും അമുല്യമാണല്ലോ പെരുവന്നവഴി.

'ജ്യോതി ശാസ്ത്രവും സംഗിതവും'ഇന്നത്തെ ഗണിത ശാസ്ത്ര ശാഖകളായ

പരിഗണിക്കപ്പെടുന്നില്ലെങ്കിലും പുരാതന ഗ്രീക്കുകാർ ഇവ രണ്ടും ഗണിത പഠനത്തിന്റെ ഭാഗമായിട്ടാണ് കണക്കാക്കിയിരുന്നത്.അതായത് ഗ്രീക്കുകാർ ഗണിത ശാസ്ത്രമെന്നാൽ എല്ലാ അറിവുകളുടെയും സാമാന്യമായിരുന്നു.ഇന്ത്യയിലും ഗണിത ശാസ്ത്രത്തിന്റെ വളർച്ച ജ്യോതി ശാസ്ത്രവുമായി കെട്ടിപിണഞ്ഞുകിടക്കുന്ന 'പേടിക്കേണ്ട വസ്തുതകൾ {things that are learned }എന്നർത്ഥമുള്ള 'മാത്തമാറ്റിക്' എന്ന ഗ്രീക്ക പാദത്തിൽ നിന്നുമാണ് ഉദ്ഭാവം

## ശാഖോപശാഖകൾ

-അങ്കഗണിതം :ഗണിത ശാസ്ത്രത്തിന്റെ ഏറ്റവും അടിസ്ഥാന പരമായ ശാഖാ.അങ്കഗണിതമെന്നാൽ സഖ്യകളുടെ ശാസ്ത്രം

-ബീജഗണിതം:സംഖ്യകൾക്ക പകരം അജ്ഞതരാശികൾ കൈകാര്യം ചെയുന്ന ഗണിതശാഖ

-ജ്യാമിതി :ഒരു തത്തിന്റെയും അതിലുള്ള വസ്തുക്കളുടെയും ഗുണ ധർമങ്ങളെകുറിച്ച് പ്രതിപാദിക്കുന്ന ശാഖാ

-ത്രികോണമിതി :ത്രികോണങ്ങളുടെ അലവകളെ പറ്റി പ്രധിഭാധിക്കുന്ന ശാഖാ

-നിർദ്ദേശാങ്ക ജ്യാമിതി :ബീജഗണിതവും ജ്യമിതിയും ചേർന്ന ഗണിത ശാഖാ

-കലനം :മാറിക്കൊണ്ടിരിക്കുന്ന ഗണ്യരാശികളാണ് കലനത്തിന്റെ ചിന്ത വിഷയം

-വിസ്തരണ കലനം :വസ്തുക്കളുടെ അളവുമായി ബന്ധപ്പെട്ട ശാഖാ

## സംഖ്യകളുടെ ആവിർഭാഗം

മനുഷ്യ സംസ്കാരത്തോളം തന്നെ സഖ്യകൾക്കും പഴക്കമുണ്ട്.വളരെ പണ്ട് മുതലേ മനുഷ്യർക്ക് വലിയ സഖ്യകൾക്ക് എഴുതാമായിരുന്നു എന്നതിന് തെളിവുകളുണ്ട്.

പ്രാകൃതമനുഷ്യന്എണ്ണമെടുക്കാൻപ്രധാനമായിരുന്നില്ല.അവൻ ഗുഹ വീടായും കായ്കനികളും വേട്ട മൃഗങ്ങളും ഭക്ഷണമായും ഉപയോഗിച്ചിരുന്നു.

കുറെ കാലങ്ങൾക്കു ശേഷം മനുഷ്യന് ഗ്രാമങ്ങളിൽ താമസമുറപ്പിക്കുകയും കൃഷി,കന്നുകാലി വളർത്തൽ എന്നിവ ആരംഭിക്കുകയും ചെയ്തു മേയാൻ വിട്ട കാണു കളികൾ മുഴുവൻ തിരിച്ചെത്തിയോ എന്ന ചിന്തയിൽ നിന്നുമാണ് മനുഷ്യന് എണ്ണേണ്ട ആവശ്യം വന്നത്.അത്തരം അവസരങ്ങളിൽ ഓരോ കാണുകാലിയെയും പുറത്തിറക്കുമ്പോൾ ഒരു കല്ല് വീതം എടുത്ത് സൂക്ഷിച്ചുവെക്കുകയും അവ തിരിച്ചെത്തുമ്പോൾ
ഈ കല്ലുകൾ ഓരോന്നായി എടുത്ത് മാറ്റുകയും ചെയ്തിരുന്നു കാലുകൾ മിച്ചം വന്നാൽ ചില കന്നു കാലികൾ തിരിച്ചെത്തിയില്ല എന്നും മിച്ചം വരാതിരുന്നാൽ എല്ലാം തിരിച്ചെത്തിയന്നും മാനസിലാകാം ഇങ്ങനെ കാലുകൾ ശൂക്സികുനതിനു പകരം പിൽക്കാലത്ത് കമ്പുകൾക്കു മീതെ അടയാളമിടുന്ന സമ്പ്രദായവും ചരടുകളിൽ കെട്ടുകളിടുന സബർദായം സ്വികരിച്ചരുന്ന കല ക്രമത്തിൽ അടയാളങ്ങൾക്കു പകരം ശബ്ദങ്ങൾ ഉപയോഗിച്ചു തുടങ്ങി.അവയാണ് ചരിത്രത്തിലെ ആദ്യത്തെ സംഖ്യ നാമങ്ങൾ നൂറ്റാണ്ടുകൾക്കോ സഹസ്രാബ്ദങ്ങൾക്കോ ശേഷമായിരിക്കണം ശബ്ദംരേഖപെടുത്തുന്നതിന് പ്രതീകം ഉപയോഖിക്കുക എന്ന സബ്രതായമുണ്ടായത്. സംഖിയകളുടെ വിശാല ലോകത്തേക്കുള്ള മനുഷ്യന്റെ ആദ്യത്തേക്കാൾ വായ്പായി ഇതിനെ കണക്കാക്കാം

# കുട്ടൻ കാക്കയുടെ ആഗ്രഹം

ഷഹ്മ ജബിൻ 9I

ഒരു ദിവസം ഒരു കാട്ടിൽ കുട്ടൻ കാക്ക എന്നൊരു കാക്കയുണ്ടായിരുന്നു. ആ കാക്കയുടെ ആഗ്രഹം മീനിനെ തിന്നാനായിരുന്നു . ഒരു ദിവസം കുട്ടൻ കാക്ക പാറികളിക്കുമ്പോൾ രണ്ടു കൊറ്റി തള്ളകൾ കുളത്തിന്റെ കരയിൽ നിന്ന് മീൻ തിന്നുന്നത് കണ്ടു കുട്ടൻ കാക്ക അവിടെ ചെന്നു . കുട്ടൻ കാക്ക ചോദിച്ചു : '' എനിക്കൊരു മീൻ തരാമോ '' . കൊറ്റി പറഞ്ഞു -; '' തരാം എനിക്ക് വിശക്കുന്നുണ്ട് അതുകൊണ്ടാണ് ഇന്ന പിടിച്ചോ നീ തിന്നോ ഞാൻ വേറെ ഒന്ന് പിടിക്കാം''. അപ്പോൾ കുട്ടൻ കാക്ക ചോദിച്ചു ;'' ഈ മീനിന്റെ ഉള്ളിൽ മുള്ളുണ്ടാവമോ ചേട്ടാ''. ഉണ്ടാകും എന്താ നീ ഇതുവരെ മീൻ തിന്നിട്ടില്ലേ . ഇല്ല . അതുകൊണ്ടാണ് ചോദിച്ചത് . കുട്ടൻ കാക്ക മീൻ തിന്നാൻ തുടങ്ങി



. തിന്ന് തിന്ന് വെറും മുള്ള് മാത്രം ഉണ്ട് ചേട്ടാ . നിങ്ങൾക്ക് ദൈവം നല്ലതു മാത്രം വരുത്തട്ടെ . അങ്ങനെ കുട്ടൻ കാക്ക യാത്രയായി .

കൂട്ടുകാരെ നിങ്ങളോട്ട ആരെങ്കിലും ഒരു സഹായം ചോദിച്ചാൽ നിങ്ങൾ അത് നിറവേറ്റികൊടുക്കണം.




# ധർമ്മം മറന്ന സിനിമകൾ

നിയാസ്.പി.മേലാറ്റൂർ

സിനിമകൾ കലയിൽ നിന്നും കലാപരമായഉത്തരവാദിത്തങ്ങളിൽ നിന്നും വഴുതിമാറി സാമ്പത്തികലാഭമെന്നലക്ഷ്യത്തോടെകച്ചവട മേഖലയിലേക്കു മാറിയിട്ട്കാലംകുറെക്കഴിഞ്ഞു. എന്തിനെയും കച്ചവടവൽക്കരിക്കപ്പെടുന്ന ലാഭകൊതിനിറഞ്ഞ ഒരു സമൂഹം നമുക്കിടക്ക് വളരുന്നുണ്ടെന്ന ഗൗരവപരമായ കാര്യം നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു .പലപ്പോഴും മാർഗമല്ല ലക്ഷ്യമാണു സുപ്രധാനം,എന്ന തത്വം പലരും പ്രയോഗ വൽക്കരിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങളാണിതെല്ലാം .ലാഭമെന്ന സുപ്രധാന ലക്ഷ്യത്തെ ക്രിയാത്മകമാക്കാൻ എന്തെല്ലാം പൊടിക്കൈകൾ ചെയ്യാം എന്ന കാര്യത്തിൽ നല്ലത് പോലെ

പ്രാവർത്തിക മാക്കുകയും ചെയ്യുന്നു.

എന്താണ് സിനിമകൾ സമൂഹത്തിന് നൽകുന്ന സന്ദേശം,എന്താണിതിന്റെ കാമ്പ്, ഏത് സാമുഹികധർമ്മത്തെയാണ് സിനി മകൾ പ്രതിനിധികരിക്കുന്നത്.സാമൂഹിക ജീവി തത്തിന് സിനിമകൾ ചെയ്യുന്ന സംഭാവനകൾ എന്തെല്ലാം എന്നിങ്ങനെ സിനിമയെ പൊതുമധ്യത്തിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ ഒന്നുമില്ല എന്ന ഉത്തരത്തിലുപരിയായി ഒന്നും നമുക്ക് പ്രതീക്ഷിക്കാവുന്നതല്ല.അൽപ്പം ചില അപവാദങ്ങൾ ഉണ്ടെങ്കിൽ മാത്രം.

നമുക്കൊരുകാര്യം ഉറപ്പിച്ചു പറയാൻ സാധിക്കും.ഇന്നത്തെ സിനിമകൾ സമൂഹത്തി ൽ അനേകലക്ഷം മദ്യപാനികളെ സൃഷ്ടിച്ചിരി ക്കുന്നു,അനേകായിരം യുവാക്കളെ അക്രമവാസനയും ഗുണ്ടായിസവും പഠിപ്പിച്ചിരിക്കുന്നു, ചെറിയ കുട്ടികളിലെ മാനസിക സാംസ്കാരിക വളർച്ചയെപ്പോലും അശ്ലീലം നിറഞ്ഞ സിനിമകൾ കാരണം ലൈംഗീകതയുടെ വൈകാരിക മേഖലയിൽ സങ്കുചിതമായി തളച്ചിടാൻ സിനിമകൾ കാരണമാകുന്നു.



ലാഭകൊതി മൂക്കുമ്പോൾ ധർമ്മം നഷ്ട പ്പെടുന്നു,ഉത്തരവാദിത്വബോധവും, പ്രതിബദ്ധ തയും നഷ്ടപ്പെട്ടു പോകുന്നു.അതിന്റെ പ്രകട മായ ഉദാഹരണമാണ്

ഇന്നിന്റെ സിനിമ കൾ.താൻ ആയിരം കോടിയും നൂറ് കോടിയും

ഇറക്കി സിനിമകളെടുക്കുമ്പോൾ അത് വഴി സമൂഹത്തിന് എന്ത് മാറ്റമുണ്ടാക്കാൻ കഴിയുന്നു എന്ന ചോദ്യത്തിനു മുമ്പിൽ മൗനമല്ലാതെ ഉത്തരമുണ്ടാകില്ല പല നിർമ്മാതാക്കൾക്കും.

തോക്കു,ബോംബും,ഇരുമ്പായുധങ്ങും തുടങ്ങി മാരകായുധങ്ങളുപയോഗിച്ച് എതിരാ ളിയെ വെട്ടിയും കുത്തിയും വെടിവെച്ചും കൊല്ലുന്നനായകരും വില്ലൻമ്മാരും സമൂഹത്തെ പഠിപ്പിക്കുന്നത് ആക്രമവാസനയും അധാർമികതയും നിഷ്ഠൂരതയുമാണ്. ഇത് കണ്ട് വളരുന്ന കുഞ്ഞുങ്ങൾക്ക് ഇന്ന് തോക്കി നോടാണ് കൗതുകം. അത് മറ്റൊരുത്തന്റെ നെഞ്ചിലേക്ക് ചൂണ്ടി വെടിവെച്ചു കളിക്കുന്ന കുട്ടികളെ കാണുമ്പോൾ ഭയപ്പെടുന്നു. ആയുധം ഒരിക്കലും സ്നേഹത്തിന്റെ പ്രതീകമല്ല. അത് പ്രതി രോധത്തിന്റെ അടയാളമാണ്. അതിന്റെ ഓരോന്നിന്റെയും കാഴ്ചതന്നെ നമുക്ക് രക്ത ത്രുക്ഷിതമായ ഒരു സാഹചര്യത്തിന്റെ സൂചനകൾ നൽകുന്നു. നമുക്കറിയാം. നമ്മൾ സൂക്ഷമമായിപരിശോധിക്കാൻ തുനിഞ്ഞാൽ ആയിരം കുട്ടികളിൽ 950 കുട്ടികളും അഥവാ 95% കുട്ടികളും കളിക്കുന്ന വിഡിയോ ഗൈയിമുകൾ ഫൈറ്റിംഗിന്റെതായിരിക്കും. തോക്കും, ബോംബും കൊണ്ട് തകർക്കുന്നതും പൊട്ടിച്ച്



പൊടിയാക്കുന്നഅക്രമാസക്തി നിറ ഞ്ഞ ഗൈയിമുകൾ.വെട്ടിപ്പിടിച്ച് മറ്റൊരു ത്തനെ കൊന്നുമുന്നേറാനുള്ള ആവേശത്തോടെ വീറോടെ

ഓരോരുത്തരേയും കൊന്നുതള്ളി മുന്നോട്ടുപോകുന്നത് കുഞ്ഞുമനസ്സുകളാണ്. ഇത് സൃഷ്ടിക്കുന്ന പ്രത്യാഘാ തങ്ങൾ ചെറുതല്ല. എന്തു നരമേധ നിഷ്ഠുര പ്രവർത്തനവും മനസാക്ഷികുത്തില്ലാതെ ചെയ്തു തീർക്കാനുള്ള പരുപരുത്ത മൃഗമനസ്സിന്റെ ഉടമകളാക്കി കുട്ടികളെ മാറ്റാൻ സിനിമകളും ഇത്തരം ഗെയിമുകളും ചെറിയതോതിലുള്ള സ്വാധീനമല്ല ചൊലുത്തിയിട്ടുള്ളത്. പഴയ തെങ്ങോല കളിപ്പാട്ടങ്ങളും കിലുക്കാംപെട്ടിയും പാവക്ക ട്ടികളൊന്നും ഇന്നത്തെ കുട്ടികൾക്ക് വേണ്ട, അവർക്ക് തോക്ക് മതി. അത് മറ്റൊരുത്തന്റെ നെഞ്ചിന് നേരേപിടിച്ച് പൊട്ടിച്ചാനന്തിക്കാൻ അവരുടെ മനസ്സ് പാകപ്പെട്ടാരിക്കുന്നു. അല്ല നമ്മളവരുടെ നിഷ്കളങ്ക മനസ്സിനെ അക്രമവാസന പഠിപ്പിച്ചിരിക്കുന്നു.എന്ന താണ് വസ്തുത.

നൂറ് പേർ മരിച്ചാലും ആയിരം പേർ കൊല്ലപ്പെട്ടാലും ഇന്നതൊരു വാർത്ത യല്ല. അത് വളരെ ലാഘവത്തോടെ കേട്ടുതള്ളുന്നു. ഇതെല്ലാം ഒരു സാധാരണ കാര്യമായി നമ്മൾ ധരിച്ചുവെച്ചിരി ക്കുന്നു.അല്ല അങ്ങനെ ധരിച്ചുവെക്കാൻ പലരും നമ്മെ പഠിപ്പിച്ച് പ്രേരിപ്പിച്ചിരി ക്കുന്നു എന്നതാണ് സത്യം.



ഇനി നമ്മുടെ പ്ലേഹൗസുകളുടെ കാര്യ മെടുക്കാം.തോക്ക് ചൂണ്ടി വെടിവെച്ചിടുന്നതിന്റെ രംഗങ്ങളാണ്.അത് നിയന്ത്രിക്കുന്നത്


കുട്ടിക ളുടെ കുഞ്ഞു കൈകളും ഇത് ആവേശമായി സ്വീകരിച്ച കുട്ടികളോട് നാം എങ്ങനെയാണ് സ്നേഹബന്ധങ്ങളെകുറിച്ച് പറയുക, സഹിഷ്ണ തയെകുറിച്ച് പറയുക,പരസ്പര ബന്ധങ്ങളെ കുറിച്ച് പഠിപ്പിച്ചു കൊടുക്കുക.ആനിമേഷനാ ണെങ്കിൽ പോലും അനേകമാളുകളെ കൊന്നു തള്ളുമ്പോൾ അവരിൽ മാനസിക വ്യഥകളോ വേദനയോ സങ്കടമോ ഉണ്ടാകുന്നില്ല. കാരണം ഇതെല്ലാം പതിവായതും നിസ്സാരമായതു മാണെന്ന വലിയ ഗുരുതരമായ തെറ്റ് നാം പഠിപ്പിച്ചു. ആ നിഷ്കളങ്കമായ മനസ്സിൽ നിന്ന് നിർഗളിക്കേണ്ട നന്മയുടെ, വാത്സല്യത്തിന്റെ, സ്നേഹത്തിന്റെ ലാളിത്യത്തിന്റെ അതീവ മാർദ്ദവമേറിയ വികാരങ്ങളെ ആയുധപ്പുരകൾ തകർത്തു കളഞ്ഞുകൊണ്ടിരിക്കുന്നു.

നമുക്കറിയാം അമേരിക്കയിൽ ആയുധങ്ങളുടെ ഉപയോഗത്തിന് യാതൊരു നിയന്ത്രണവുമില്ല. അമേരിക്കയിൽ തന്നെ ഒരു വിദ്യാർഥി സഹപാഠികളെ കോളേജിന കത്തു കയറി വെടിവച്ച് കൊന്നുകളഞ്ഞ സംഭവം ഞെട്ടിക്കുന്നതായിരുന്നു. ഇവരെല്ലാം ഇത്തരം അക്രമാസക്ത സിനിമകളുടെ ഉല്പന്നങ്ങളാ ണെന്നതിന് സംശയമില്ല.

അതുപോലെ തന്നെ സിനിമകൾ മദ്യപാനത്തെ ക്രൂരമാംവണ്ണം പ്രോത്സാഹിപ്പി ക്കുന്നു.കാണുന്ന എല്ലാ സിനിമകളിലും മദ്യ ത്തിന്റെ അനിയന്ത്രിത രീതിയിലുള്ള ഉപയോഗ പ്രദർശനങ്ങൾ.മദ്യം ജീവിത മാനസിക പ്രശ്നങ്ങളുടെ മരുന്നാണന്ന് വരെ പഠിപ്പിക്കുന്നു. എന്തൊരു ദുരവസ്ഥയാണിത്. മദ്യപാനം സമൂഹത്തിലുണ്ടാക്കുന്ന കുഴപ്പങ്ങൾ ചെറുതല വിദ്യാഭ്യാസത്തെകുറിച്ച് പറയുന്ന സിനിമ യിലും, രാഷ്ട്രീയം പറയുന്ന സിനിമകളിലും, രാജ്യത്തെ കുറിക്കുന്ന സിനിമകളിലും, സൗഹൃദം പ്രതിനിധികരിക്കുന്ന സിനിമകളിലും കുടുംബത്തെകുറിച്ച്

പറയുന്ന സിനിമകളിലും, മദ്യത്തിന്റെ നിർലോഭനീരാട്ട് മദ്യപാനം ഇന്നൊരു ഫാഷനായി സ്വീകരിച്ചവരുമുണ്ട്. കുടിച്ച് ലക്കുകെട്ട് നായകൻ കുപ്പിയും പിടിച്ച് ആടിപാടുന്ന കാലം, ഇത് കണ്ടാണ് നമ്മുടെ കുട്ടികൾ വളരുന്നത്. ഈ രംഗങ്ങൾ കാണുന്ന അപക്വവാന്മാരായ കുട്ടികൾ മദ്യം ജീവിത ത്തിന്റെ ഫാഷനാണെന്ന് തെറ്റിദ്ധരിക്കുന്നു.

ഇനി ആശ്ലീലത



പരത്തുന്നഇന്നത്തെ സിനി മകൾ തത്വത്തിൽ ചെയ്യുന്നത് സ്ത്രീത്വത്തെ അപമാനിക്കുകയാണ്.സഭ്യതയുടെ സർവ്വ സീ മകളും ലംഘിച്ചുപോലും സ്ത്രീകൾ അഭിനയി ക്കാൻ തയ്യാറാവുന്നു.ഈ നിലപാട് സമൂഹത്തി ന്റെ ഏറ്റവും വലിയശാപമാണ്. എൺപതുക ളിലും എഴുപതുകളിലും മലയാളസിനിമകളിലും മറ്റിതരസംസ്ഥാനസിനിമകളിലും അഭിനയിച്ചി രുന്നവർ കുടുംബഭദ്രതയില്ലാത്ത സാഹചര്യ ത്തിൽ യാതൊരുനിർവാഹവുമില്ലെന്ന ന്യായം പറഞ്ഞുകൊണ്ടായിരുന്നു. അഭിനേതാക്കൾ ദുരഭിമാനികളാണ്. ഒരിക്കൽ സിനിമയിൽ



അഭിനയിച്ചവർ ആസ്ഥാനം നിലനിർത്താൻ എന്തു വിട്ടു വീഴ്ചക്കും തയ്യാറാവുന്നു. ഇന്ന് നല്ല കുടുംബങ്ങളിൽ നിന്ന് വരുന്ന പെൺകുട്ടികൾ പോലും സഭ്യതവെടിത്ത് അഭിനയിക്കാൻ

തയ്യാറാവുന്നു.

ലോക സിനിമകളെ ആകമാനം വിലയിരുത്തുകയാണെകിൽ സാമ്പത്തിക ലാഭം മുന്നിൽ കണ്ട് സിനിമാ പ്രവർത്തകർ ഇത്തരം അസഭ്യമായ വേഷവിധാനത്തിൽ നടിമാരെ അഭിനയിക്കാൻ നിർബന്ധിക്കുന്നു. ഇതിന്റെ പോസ്റ്ററുകൾ അഥവാ അർദ്ധ നഗ്നകളായ സ്ത്രീകളുടെ പോസ്റ്റുകൾ സധൈര്യം തെരുവോരങ്ങളിൽ ഒട്ടിച്ചുപോകുന്നു. ഇത് ചോദ്യം ചെയ്യാൻ ആരും തന്നെ മുന്നോട്ടു വരുന്നില്ല. ആരും ചോദ്യം ചെയ്യാത്തതിലുള്ള ന്യായംഇത്തരംനടനങ്ങൾ ഓരോരുത്ത രുടെയും വ്യകതിപരമായ സ്വാതന്ത്ര്യമാണ് അതിനെ ചോദ്യം ചെയ്യാൻ ആർക്കും നിയമപരമായി അവകാശമില്ലെന്നാണ്. നമുക്ക് അസന്നിഗ്ധമായി പറയാൻ സാധിക്കും. സമൂഹത്തിൽ ബലാത്സംഗങ്ങളും അക്രമങ്ങളും സ്ത്രീകൈയ്യേറ്റങ്ങളും,ബാലികാപീഡനങ്ങളും, പ്രകൃതിവിരുദ്ധ

ലൈംഗികബന്ധങ്ങളും ക്രൂരമാം വണ്ണം വർദ്ധിക്കാൻ കാരണം സിനിമകളാണ്. ഇന്ന് തെരുവോരങ്ങളിൽ ഒട്ടിച്ചുപോകുന്ന സിനിമാപോസ്റ്ററുകളിൽ പലതും നമ്മുടെ യുവാക്കളെയും കുട്ടികളെയും വശീകരിക്കാൻ പോന്നതാണ്.മനുഷ്യന്റെ ലൈഗീംക വികാര ത്തെ കമ്പോളവൽക്കരിച്ച് അതിലൂടെ പണം കൊയ്യാൻ ശ്രമിക്കുന്ന ഇത്രയും നിന്ദ്യമായ തൊഴിൽ ഭൂമിയിൽ വേറെയില്ല. ഇത് കണ്ടാണ് നമ്മുടെ കുട്ടികൾ വളരുന്നത്.ഇത് ചെറുപ്രായ ത്തിൽ തന്നെ വേണ്ടാത്തചിന്തകളിലേക്കും മാനസിക പ്രശ്നങ്ങളിലേക്കും പഠനവൈക ല്യങ്ങളിലേക്കും കുട്ടികളെ നയിക്കും അതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ് വർദ്ധിച്ചുകൊ ണ്ടിരിക്കുന്ന സ്ത്രീകൾക്കെതിരെയുള്ള അതിക്ര മങ്ങൾ ഇത്തരം സിനിമകളുടെ ശക്തമായ സെൻസറിങ്ങ്

നടത്തിയിട്ടില്ലെങ്കിൽ  അതിക്ര മങ്ങളും പീഡനങ്ങളും ദിനംപ്രതി വർദ്ധിക്കുക യേയുള്ളു.അപ്പോൾ പറഞ്ഞുവന്നത് സാമൂഹിക പ്രതിബദ്ധതയിലാത്ത, കലാമൂല്യമില്ലാത്ത, അ ശ്ലീലം നിറഞ്ഞ, അധാർമിത പ്രചരിപ്പിക്കുന്ന സിനിമകൾ നിരോധിക്കണം, ഗുണ്ടകളെയും കപട്ടേഷൻസംഘങ്ങളെയും, മദ്യപാനികളെയും ,പീഡകരേയും,പീഡിതരേയും, ക്രിമിനലുകളെ യും സൃഷ്ടിക്കുന്ന സിനിമകൾക്കെതിരെ  ധാർമി കതയിലൂന്നി യുദ്ധാകാലാടിസ്ഥാനത്തിൽ ഇട പെടലുകൾ നടത്തിയാൽ  മാത്രമേ ഇനി വളർന്നുവരുന്ന തലമുറയ്ക്കെങ്കിലും സമാധാന പൂർവ്വമായ ജീവിതം സാധ്യമാവുകയുള്ളൂ.

●

# കാലം കലിയുഗം



ജിഷ്ന .കെ 9M
STUDENT POLICE CADET

എൻ മകൻ അവൻ മരം
എൻ മകൻ അവൻ മനുഷ്യൻ
എൻ മകൻ അവൻ എൻ ഹൃദയം
പറിച്ചെടുത്തവനെന്നെ പൂമാല-

യണിയിച്ചവൻ മനുജാതൻ
അവനെ എനിക്ക് പേടിയാണ്



അടുത്തതാകയാണെൻ ശ്വാസകോശം
അതുമവൻ പിഴുതെടുത്തു
എൻ മകൻ മരം
പണിതുയർത്തയ്യാ മിടിപ്പുകൾ
അവൻ ആ മരത്തെ
മൂർച്ചയേറും വാളുകൊണ്ട്......
എന്നിട്ടൊരു മഴക്കായ് നീ കേണപ്പോൾ
മകനെ ഞാൻ ആ മരത്തിന്ന്
ചരമഗീതം   പാടുകയായിരുന്നു

മലതൻ മാറൂറ്റി അവൻ രക്തം കുടിച്ചു
പുഴതൻ കണ്ണീരും അവൻ
ഉപ്പാക്കി വിറ്റു
അതതു തന്നെ അവൻ ചെല്ലും
ചെല്ലുപോലെതന്നെ

കാലം കലിയുഗം
നേരം പലകുറി
അന്നു പറഞ്ഞു ;ഒരു മഴ വന്നാൽ ,
''വെള്ളം കിട്ടും ''
ഇന്നിവർ പറയുന്നു ;മഴപോയാൽ ,



''ആശ്വാസം '' കിട്ടുമെന്ന്
അന്നിവിടെ വെള്ളം കിട്ടാതാരോ-
വിട ചൊല്ലിയാ വിരഹങ്ങൾ



ഇന്നിവിടെ വെള്ളത്തിൽ
മുങ്ങിയായ് വിരഹം
ഭൂമിക്കൊരു ചരമഗീതം പോൽ
അവൻ ആ ഗീതം
ഉറക്കെ പാടി.......
ഇന്നതാ പ്രളയഭൂമിയായ്
ഈശ്വരന്റെ മണ്ണിങ്ങു മാറുമ്പോൾ
അവൻ അതാ ചൊല്ലുന്നു 'തിരിച്ചടി 'എന്ന്
എന്നു നീ അറിയും മകനെ ,
അതാ മാതാവിൻ
കണ്ണുനീർ ആണെന്ന് !

●

# പ്രളയം നൽകുന്ന പാഠങ്ങൾ

നിഖില. വി പി .9 I

കേരളം അതിജീവിച്ച ഈ പ്രായത്തിൽനിന്നും നാം ഒരുപാട് പാഠങ്ങൾ പഠിച്ചു. ഇതിൽനിന്നും പ്രകൃതിയോട് വികൃതി വേണ്ട എന്ന് പഠിച്ചു ഭൂമിയോണ്ട ചുമരുകുലുക്കി തിരിഞ്ഞു ഇരുന്നാൽ തീരാവുന്നതേയുള്ളൂ മനുഷ്യൻ എന്ന് പഠിച്ചു. മനുഷ്യന്റെ പ്രാഥമിക ആവിശ്യങ്ങൾ എന്തൊക്കെയാണെന്ന വീണ്ടും പഠിച്ചു. ഇങ്ങനെയുള്ള അവസ്ഥകളെ നേരിടാനുള്ള പ്രാഥമിക വിദ്യാഭാസം കുട്ടികൾക്ക് കൊടുക്കണമെന്നും നമ്മൾ മലയാളികൾ വെറും മാസ്സല്ല റെസ്ക്യുകാമസാകമെന്നും മനുഷ്വത്ത്വം മരിച്ചിട്ടില്ല ഒരിക്കലും മരിക്കുകയില്ല. ആരൊക്കെ എത്രയൊക്കെ ഭിന്നിപ്പിച്ചാലും പ്രകൃതി നമ്മെ ഒന്നിപ്പിക്കും. സ്നേഹവും സാഹോദര്യവും എന്താണെന്നും സഹജീവനം എന്താണെന്നും പഠിച്ചു. ''ഇത് തോറായാണ് മുതലാളി '' എന്ന് പറഞ്ഞു നമ്മൾ കണ്ടിട്ടുള്ള മൈസ്യത്തൊഴിലാളികൾ ഒരു നാടിന്റെ രക്ഷകരും അഭിമാനവുമാണെന്ന പഠിച്ചു. ജീവന് വിലകൊടുക്കാൻ പഠിച്ച വാട്സ്സാപ്പ്, ഫേസ്ബുക്, സോഷ്യൽ മീഡിയ മുതലായ സംവിധാനങ്ങളുടെ യഥാർത്ഥ ശക്തി എന്താണെന്ന മനസ്സിലാക്കി. ഉറുമില്ലാതെ, ഉറക്കമില്ലാതെ, അക്ഷീണം പരിശ്രുമിക്കുന്ന ഒരു അവതലമുറയുണ്ടെന്നും ജനസേവകരുടെയുണ് പോലീസിന്റെയും ആത്മാര്ഥതയെന്താമെന്നും 24 മണിക്കുറും പ്രവർത്തിക്കുന്ന മാധ്യമങ്ങളുടെ ഉള്ളിൽ വിഷം അല്ലായെന്നും പഠിച്ചുകഴിഞ്ഞു ഒന്നിച്ചുനിന്നാൽ നമുക്കെല്ലാം നിഷ്പ്പയാസമാണെന്നും മികവുറ്റ നേതൃത്വങ്ങൾക്ക് ഇനിയും നമ്മെ നയിക്കാനാകുമെന്നും എങ്ങനെയോരോ പാഠങ്ങളും പഠിച്ചുകഴിഞ്ഞ ഈ വന്ന തലമുറ ഇനിമുതൽ വെളിച്ചത്തിന്റെ വിരളുകളായിക്കുമെന്നും നാം ഇതിലൂടെ പഠിച്ച കഴിഞ്ഞു

# ജസ്ന എന്നൊരു പെൺകുട്ടി

ജാസിദ പി 9.K

സമയം രാവിലെ പത്തു മണി . കോളേജിൽ ക്ലാസിലേക്കുള്ള ബെൽ മുഴങ്ങി .വാരാന്തയെല്ലാം ശൂന്യമായിരുന്നു . കോളേജ് പരിസരങ്ങളിൽ ശാന്തത ക്ലാസ് മുറികളിൽ പതിഞ്ഞ സ്വരങ്ങൾ .ജസ്ന അകലെനിന്ന് ഓടി വരുന്നു . ഭയവും ആകാംഷയും നിഴലിക്കുന്ന മുഖം അവൾ നേരെ ക്ലാസ്സിലേക്ക് നടന്നു പിരിയഡ് തുടങ്ങിയിരുന്നു. ജസ്ന വാതിൽക്കൽ വന്ന സാറിനോട് ക്ലാസിൽ കയറാൻ അനുവാദം ചോദിച്ചു . കണ്ടിട്ടും കാണാത്ത പോലെ സാർ ക്ലാസ് തുടർന്നു. ജസ്ന അൽപം മാറിനിന്ന് വരാന്തയുടെ ചുമരിൽ ചാരി നിന്നു . ദീർഘ നിശ്വാസത്തോടെ അവൾ ചിന്തയുടെ വാതിലുകൾ തുറന്നു .തന്റെ ജീവിത അവസ്ഥകളിലൂടെ സഞ്ചരിക്കാൻ തുടങ്ങി .

രോഗികളായ മാതാപിതാക്കളും ഒരു സഹോദരനും താനും അടങ്ങുന്നതാണ് ജസ്നയുടെ കുടുംബം . എന്തിനും ഏതിനും വീട്ടിൽ അവൾ വേണമെന്ന സ്ഥിതി .വീട്ടുജോലികൾ എല്ലാം കഴിഞ്ഞ് കോളേജിലേക്ക് ഇറങ്ങുമ്പോഴേക്കും സമായതിഞ്ഞുള്ള ബസ് പോയി കഴിഞ്ഞിരിക്കും അഥവാ കിട്ടിയാൽ തന്നെ കണ്ടക്ടറുടെ കുത്തുവാക്കുകൾ സഹിക്കണം . പക്ഷെ ഒന്നിനോടും അവൾക്ക് ഒരു ദേഷ്യവും ഉണ്ടായിരുന്നില്ല . ജീവിതാനുഭവങ്ങളിലൂടെ മനസിനെ പാക പെടുത്തി എന്തിനും തയ്യാറായിരുന്നു അവൾ .അങ്ങനെ ഇരിക്കെ സെക്കന്റ് പിരിയഡിനുള്ള ബെൽ മുഴങ്ങി ജസ്ന വാതിലിനരികിലേക്ക് നീങ്ങി നിന്നു .ക്ലാസ്സ് കഴിഞ്ഞു പോകുന്ന സാർ തന്നെ ശ്രദ്ധിക്കണമെന്ന് ആഗ്രഹിച്ചു അവൾ സാറിനെ നോക്കി .പുഞ്ചിരിക്കാൻ ശ്രമിച്ചെങ്കിലും സാർ ഗൗരവത്തോടു കൂടിയ ഒരു നോട്ടത്തിൽ അവൾ പുഞ്ചിരി പിൻവലിച്ചു തലകുഞ്ഞിച്ചു

.ഒന്നും മിണ്ടാതെ സാർ നടന്നു നീങ്ങി .ജസ്ന രണ്ടാം പിരിയഡിൽ ക്ലാസ്സിൽ പ്രേവേശിച്ചു കുട്ടുകാരുടെ കണ്ണിൽ സഹതാപത്തിന്റെ അടയാളം .അവൾ സാരമില്ലെന്ന മട്ടിൽ അവർക്ക് പുഞ്ചിരി സമ്മാനിച്ചു തന്റെ സീറ്റിലിരുന്നു . മണിക്കൂറുകൾ കടന്നു കോളേജ് വിടാനുള്ള നീണ്ട ബെൽ അടിച്ചപ്പോൾ വിദ്യാർത്ഥികൾ ഒന്നടകം ആർപ്പു വിളിയും പൊട്ടിച്ചിരിയുടെ ഇറങ്ങി നടക്കാൻ തുടങ്ങി . തന്റെ ജീവിതത്തിലേ സങ്കടങ്ങളോ ബുദ്ധിമുട്ടുകളോ എന്തിനധികം പറയുന്ന അന്നത്തെ താമസിച്ചു വരവിന്റെ ഉദ്ദേശം പോലും ആരോടെങ്കിലും പങ്കു വെക്കാൻ അവൾ തയ്യാറായിരുന്നില്ല അങ്ങനെ നടന്ന കോളേജ് കോമ്പൗണ്ട് വിട്ട് ബസ് സ്റ്റോപ്പിൽ എത്തിയപ്പോൾ അതാ വിദ്യാർത്ഥികളുടെ നീണ്ട നിര . തന്റെ കയ്യിലെ ചില്ലറ തുട്ടുകൾ തിരിച്ചും മറിച്ചും നേരിക്കിയും അമർത്തിയും ആടിയും കിലുക്കിയിട്ടും അവൾ അടുത്ത ബസിനായി കാത്തു നിന്നു. വീട്ടിൽ ഉമ്മാക്കും ഉപ്പാക്കും ചായയോ ചൂട് വെള്ളമോ ഉണ്ടായേക്കി കൊടുക്കാൻ താൻ എത്തിയിട്ട് വേണം എല്ലാം എന്ന വിചാരം അവളെ ഏറെ നിരാശയാക്കി കൊണ്ടിരുന്നു .

അതിനിടയിലിൽഅടുത്ത ബസ് എത്തി .തിരക്ക് കാരണം നേരുമ്പിയും മുളിയുമാണ് വരവ് എന്തു തന്നെ വന്നാലും സഹിക്കണമെന്ന ദൃഢനിശ്ചയത്തോടെ അവൾ അതിലേക്ക്തെള്ളി കേറി .അപ്പോഴതാ ചെകാരുടെ വാഗാ ഒരു തള്ള്. യാത്രക്കാർ മുഴവൻ കയറികഴിഞ്ഞിട്ട് പോരേ നിങ്ങളുടെ കയറ്റമെന്ന ആക്ഷേപം .ജസ്ന ഒന്നും മിണ്ടിയില്ല . പിന്നീട് കണ്ടക്ടർ ക്യാഷ് എടുക്കാൻ വന്നപ്പോള് ചില്ലറ തുട്ടുകൾ കൊടുത്തു . അങ്ങനെ ഒടുവിൽ അവൾ വീട്ടിൽ എത്തി .ജസ്ന ആദ്യം ഉമ്മറ്റിയുടെയും ഉപ്പയുടെയും അടുത്തേയ്ക്കായിരുന്നു നീട്ടി വെച്ച കാൽപാദകൾ വെച്ചതി പിന്നീട് അവളുടെ റൂമിലേക്കും.

# ഓട്ടൻതുള്ളൽ

ഷാഹ്മ ഹനാൻ .കെ.കെ .9.F

കേരളത്തിന്റെ ഹാസ്യകാവ്യയത്തിന്റെ ഒരു ആചാര്യനായിരുന്നു കുഞ്ചൻനമ്പ്യാർ . തുള്ളൽ എന്ന കലാരൂപത്തിന്റെ കണ്ടത്തലും പ്രചാരണവുമാണ് നമ്പ്യാരെ ഇത്രത്തോളം പ്രസിദ്ധനാക്കിയത്. സാധാരണകാർക്ക് മനസ്സിലാവുന്ന രീതിയിൽ തനിമലയാളശൈലിയിൽ നമ്പ്യാർ തന്റെ കലാരൂപത്തിനെ ചിട്ടപ്പെടുത്തി. ഇത് ജനങ്ങളുടെ ഇടയിൽ കൂടുതൽ സ്വാധീനമുണ്ടാക്കി.



ഓരോ തുള്ളൽ കൃതിയുടേയും പ്രമേയം ഏതെങ്കിലും പുരാണകഥയും ആസ്പദമാക്കിയതായിരുന്നു. കഥാപാത്രങ്ങളെ ഇതിൽ കുറേ ഹാസ്യാത്മകമായിട്ടാണ് ചിത്രീകരിക്കുന്നത്.'തുള്ളൽ എന്ന പദം നൃത്തം എന്ന അർത്ഥമുണ്ടങ്കിലും സാധാരണ നൃത്തങ്ങളിൽ നിന്നും തുള്ളലിന് വളരെഅതികം വ്യത്യാസങ്ങളുണ്ട്. നൃത്തക്കാരന്റേത് പോലുള്ള ഏതാനും പദചലനങ്ങളും പശ്ചാത്തലസംഗീതവും ചേർന്ന ഒരു രീതിയാണ് തുള്ളലിന്റേത് പുരാണകഥകളെ മാത്രമല്ല സാധാരണ സാമൂഹിക വിഷയങ്ങളെയെയും നമ്പ്യാർ തന്റെ കലാരൂപത്തിന്റെ പ്രേമേയങ്ങൾ അവതരിപ്പിച്ചു.

കാലനില്ലാത്തകാലം തോറ്റോടിയ പട എന്നീ കൃതികൾ സംമൂഹികമായ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്. കുട്ടിക്കാലത്തു അദ്ദേഹം കിള്ളിക്കുരിശി മംഗലത്തായിരുന്നു വസിച്ചിരുന്നത്.1705 ൽ ജനിച്ച അദ്ദേഹം 1770 അന്തരിച്ചു.

# വിരിയട്ടെ പുഞ്ചിരി

ഫാത്തിമ ഫിദ .കെ. കെ
9.E

ഒരു ചെറു മന്ദഹാസം പൊഴികാനായ്
എന്തിനു മടിക്കുന്നുവിന്നീ മനുഷ്യർ

എന്തു നഷ്ടപ്പെടാൻ ഒരു ചെറു _
മന്ദഹാസം നാം മുഖത്തായ് വിരിപ്പുവെങ്കിൽ

സർവരുമാഗ്രഹിക്കുന്നുവല്ലോ ഒരു
മന്ദഹാസത്തിലെന്നവർ വിരിയാൻ
ആർക്കുമൊന്നും കൊണ്ടുപോകുവാനില്ല_
യീ സർവവും ഭൗതികാകഴ്ച മാത്രം

പിന്നെയെന്തിനു നീ മനുഷ്യാ
ലുബ്ധിയീ മന്ദഹാസത്തിനുമേകിടുന്നു
വിരിയട്ടെ പുഞ്ചിരി ,വിരിയട്ടെ നന്മ
സാഹോദര്യം പൂത്തുലഞ്ഞിടട്ടെ



# വഴിത്തിരിവ്



ഫിദ ഷിറിൻ .വി 9.C

നാണുമാഷ് ആളൊരു ഗൗരവക്കാരനാണ് .അതുകൊണ്ട് ക്ലാസ്സിൽ കുട്ടികൾ എല്ലാവരും അച്ചടക്കത്തോടെയും ബഹുമാനത്തോടെയുമാണ് മാഷിനെ കാണാറ്.തന്റെ ക്ലാസ്സിലെ പിള്ളേർക്ക് എല്ലാവർക്കും ഒരു നല്ല ഭാവി ഉണ്ടാവണമെന്നും അതിനു വേണ്ടി ആദ്യപാനത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും മാഷ് തയ്യാറാവുകയും ചെയ്തിരുന്നില്ല. സ്കൂളിലെ സിനിർമാഷ് ആയതുകൊണ്ട് ബൃഹത്തായ ശിഷ്യഗണങ്ങൾ ഉണ്ടായിരുന്നു. താൻ പഠിച്ച ശിഷ്യഗണങ്ങൾ വലിയ ഉന്നതങ്ങളിൽ എത്തുമ്പോൾ മാഷ് അത് കണ്ട് ആത്മനിർവൃതി അടയുമായിരുന്നു. സമൂഹത്തിലെ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്ന പല വ്യക്തിത്വങ്ങളും മനുഷ്യന്റെ പഴയകാല ശിഷ്യന്മാർ ആയിരുന്നു. അവരെയെല്ലാം മാഷ് സ്വന്തം മക്കളെപോലെയാണ് നോക്കികണ്ടത്

അടക്കവും ചിട്ടയുമുള്ള ജീവിതശൈലിയായിരുന്നു മാഷിന്റെ. ഭാര്യാ ,രണ്ടു പെണ്മക്കൾ ,ഒരു മകൻ ഇതായിരുന്നു മാഷിന്റെ കുടുംബം. മകളിലും അയാൾ ഒരു നല്ല ഭാവി സ്വപ്നം കണ്ടിരുന്നു .അയാളുടെ ആഗ്രഹം പോലെ മകനും വലിയ മകളും സ്വന്തം കാലിൽ നിൽക്കാനുള്ള അവസ്ഥയിലായി .അയാൾ മനസുകൊണ്ട് സന്തോഷവാനായിരുന്നു. എന്നി അയാൾക്കുള്ള

അതി ചെറിയ മകളുടെകാര്യത്തിലാണ്. പഠനത്തിൽ സമർത്യകാരിയാണെങ്കിലും തന്റേടം കുറച്ച്കൂടുതലായിരുന്നു. അയാൾ മനസ്സിൽ പറയുമായിരുന്നു '' പെണ്ണുങ്ങൾക്ക് എത്ര തണ്ടേടാമോ?'' കുറച് അടുത്തുള്ള സ്കൂളിലായിരുന്നു മോള് പഠിച്ചിരുന്നത്. പത്താംന്തരം ഉയർന്മാർക്കോടെ പാസായപ്പോൾ മാഷ് അവളെ പട്ടണത്തിലെ ഒരു കലാലയത്തിൽ തുടര്പഠനത്തിനായി ചേർത്തു. കാലത്തിന്റെ കരവിരുതുകൾ അവളിൽ ആരെയും മോഹിപ്പിക്കുന്ന അംഗലാവണ്യങ്ങളാൽ അവൾ പഴയ പഠനക്ലാസ്സുകാരി ആയിരുന്നില്ല. പുതിയ ഒരു ലോകത്ത് എത്തിയത് പോലെ തോണി അവൾക്ക്. പുതിയ സ്ഥാപനം,പുതിയസുഹൃത് വലയം ദിവസങ്ങൾകൊണ്ട് ആകെമാറി. ആഴ്ചകളും,മാസങ്ങളും ആകെമാറിത്തുടങ്ങി.

സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന അനാശ്യാസങ്ങൾക്കും അക്രമങ്ങളും അവളുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. അതിനെതിരെ പ്രതിഷേധിക്കാൻ അവൾ തിരുമാണിത്. അതിനായി അവൾ തന്റെ സഹപാഠികളെ ഒരുമിച്ചുനിർത്തി അവർക്ക് നേതൃത്വം കൊടുത്തു. അങ്ങനെ അവൾ അറിയപ്പെടുന്ന ഒരു സാമൂഹികപ്രവർത്തകയായി മാറുകയും സമൂഹത്തിൽമാറ്റംവരുത്തുകയും ചെയ്തു. മാഷ് ആഗ്രഹിച്ചതുപോലെ മകൾ ആയില്ല. എങ്കിലും അവളുടെ സാമൂഹിക പ്രവർത്തനംകണ്ട്മാഷ് ആത്മനിർവൃതിയടഞ്ഞു .

# FRIENDSHIP

**Amitha Ajay . A – 9F**

A Best Friend is the most important person in everyone 's life

my friends are my life .

It is difficult to life without those princess angels

They make me forget all my sorrow and fill my life with happiness

I can't imagine my life without my best friend,

the motivating factor of my life .



Life is nothing without friends .

GOOD friends are hard to find '


Harder to leave

AND impossible to forget .

# മലയാള നോവൽ സാഹിത്യത്തിലെ ദേശവിസ്മയം



ജയ്ഗോവിന്ദ് നെടുങ്ങാടി ടി.എം.-9.F




മലയാളത്തിലെ ആദ്യ നോവലായ "കുന്ദലത" 1887 ൽ തമ അപ്പുനെടുങ്ങാടി എഴുതപ്പെട്ടതുമുതൽ കാണുന്ന ഒരു കാര്യമാണ് ജന്മദേശത്തെയും അവർ വളർന്നുവന്ന ദേശങ്ങളെയും അവരുടെ നോവലുകളിലൂടെ പ്രതിപാദിക്കുന്നത്.

കുന്ദലതയുടെ തുടക്കത്തിൽ തന്നെ "വില്ലാദ്രി" എന്ന ഒരു മലയും താഴ്വാരത്തിൽ ധർമ്മപുരി എന്നൊരു ഗ്രാമവും ഉണ്ടായിരുന്നു എന്നാണ് തമ അപ്പുനെടുങ്ങാടിയുടെ ജന്മദേശമായ കോതകുർശ്ശിയും അവിടെ ഉള്ള വില്ല്വാദ്രിമലയുടെ ഉത്തരഭാഗമായ അനങ്ങൻ മലയുമായി ഈ അന്തരീക്ഷത്തെ മാറ്റാം. ബ്രാഹ്മണ ഗൃഹങ്ങളും, എണ്ണ ആട്ടുന്നവരും, ചന്തയും എല്ലാം ഈ പരിസരം തന്നെ. ചക്കാലത്തെരുവ് എന്നത് മുതലിയാർ തെരുവുമായും.കഥയിലെ ദുർഗ്ഗാലയം ദുർഗ്ഗാ പ്രതിഷ്ഠയുള്ള ചേരാമ്പറ്റകാവായും ഇന്നും അദ്ധേഹത്തിൻറെ ജന്മഗൃഹത്തിനു സമീപം ഉണ്ട്. എണ്ണ ആട്ടി വിൽക്കുന്നവച്ചന്ത ജന്മദേശത്തിനു സമീപത്തെ കവളപ്പാറ കൊട്ടാരം വകയായി ഉണ്ടായിരുന്ന വാണിയംകുളം ചന്തയും ആകാം. പ്രമുഖ പട്ടണം എന്നത് ഒറ്റപ്പാലവും ആകാം.





നാലുകെട്ട്, കാലം,തുടങ്ങിയ ഒട്ടു മിക്ക പ്രമുഖ നോവലുകളിലും ജന്മദേശമായ ഗൂഡല്ലൂരിനെ എം.ടി വാസുദേവൻ



നായർ കൊണ്ട് വന്നു.

സി.രാധാകൃഷ്ണൻ ജന്മദേശമായ ചമ്രവട്ടം, പൊന്നാനി പ്രദേശത്തെ വളരെ സുന്ദരമായിട്ടാണ് അദ്ധേഹത്തിൻറെ നോവലിലൂടെ പ്രതിപാദിക്കുന്നത്.

എം.മുകുന്ദന്റെ മിക്ക നോവലുകളിലും മയ്യഴിയും, പുഴയും കാണാം. അദ്ധേഹത്തിൻറെ ജന്മദേശമായ മയ്യഴിപ്പുഴയുടെ തീരങ്ങളിലൂടെയാണ് അദ്ധേഹത്തിൻറെ നോവൽ യാത്ര.



ഓ.വി.വിജയൻറെ ഖസാഖിൻറെ ഇതിഹാസത്തിലെ പാലക്കാടൻ ഗ്രാമമായ ഖസ്രാക്കും ഇതിൽ ചിലതു മാത്രം.

●

# My bestie



KEERTHI S KUMAR 9.F

I have a friend
Who loves me very much

My sadness is her sadness too
My happiness is her happiness too

I can share all secrets to my friend
Because I am believing my friend

Only she can understand me and consist my attitude

Do you know who she is?
She is my shadow..

My bestie........

# പഴയ സാധനങ്ങൾ



അർപിത.എ-9.F

നാളെയാണ് സുകുമാരന്റെ വീടിന്റെ പാലുകാച്ചൽ. പണിയൊന്നുംതന്നെ ഇതുവരെ തീർന്നിട്ടില്ല. എങ്കിലും ഈ മാറാലപിടിച്ച വീട് വേഗം തന്നെ മാറണം എന്ന് ഭാര്യ ശോഭയുടെ നിർബന്ധമായിരുന്നു. അതിനെതിരെ പറയാൻ പിന്നെ സുകുമാരനും പോയില്ല. ''സുകുമാരേട്ടാ..... എവിടെക്കൊന്നു വന്നേ..... ഈ കാട്ടിലെങ്ങനാ കൊള്ളാമോ.....? നമുക്ക് ആ പഴഞ്ചൻ കട്ടിലങ്ങു മാറിയേക്കാം.'' പര്യാപട്നിയുടെ വിളിക്കേട്ട അയാൾ ചെന്നുനോക്കിയപ്പോൾ ഒരു രാജാവിന്റെ ഗമയോടെ കട്ടിലിങ്ങനെ നീണ്ടുനിവർന്നു കിടക്കുകയാണ്. സാധാരണകാരനായിട്ടുള്ള ഒരു സർക്കാരുദ്യോഗസ്ഥന്റെ കണക്കുബുക്കിൽ ഒതുങ്ങുന്നതല്ല അതിന്റെ വിലയെങ്കിലും അയാൾ തന്റെ അന്ധാളിപ്പ് പുറത്തുകാട്ടാതെ തലയുയർത്തി ചോദിച്ചു.''ഇതിനിപ്പോ എത്രവരും ''? കടക്കാരൻ വില ഒട്ടും കുറിയ്ക്കാതെത്തന്നെ പറഞ്ഞു. ഭാര്യയുടെ മുഖം പതിവില്ലാത്തവിധം പ്രസന്നമായിരിക്കുന്നത് കണ്ടപ്പോൾ സുകുമാരന്റെ മുഖം കനപ്പിയ്ക്കാതെ സമ്മതം മൂളി. കട്ടിലിന്റെ കാര്യത്തിൽ അങ്ങനെ ഒരു തീരുമാനമായങ്കിലും ആവശ്യങ്ങളുടെ ഒരു നീണ്ടനിരതന്നെ അയാളെ കാത്ത് കിടപ്പുണ്ടായിരുന്നു. അവശ്യസാധനങ്ങളെല്ലാം ഒരുവിധത്തിൽ വാങ്ങിക്കഴിഞ്ഞപ്പോഴേക്കും സമയം

ഉച്ചകഴിഞ്ഞിരുന്നു. പെട്ടന്നാണ് അയാൾക്ക് അച്ഛന്റെ മരുന്നിനെകുറിച്ചോർമ്മ വന്നത്. വീടിന്റെ തിരക്കിൽപെട്ട് അതെല്ലാം മറന്നുപോയിരുന്നു. സമയത്തിന് മരുന്ന് ലഭിച്ചില്ലങ്കിൽ അച്ഛന്റെ ബി.പി പെട്ടന്നാണ് ഉയരുക. സുകുമാരൻ മരുന്നുമായി അച്ഛന്റെ മുറിയിലേക്കോടി. ആ ശുഷ്കിച്ച കൈകളിലേക്ക് മരുന്ന് വച്ച് കൊടുത്തപ്പോൾ അത് പോലും താങ്ങാൻ കഴിയാത്ത ആ കൈകൾ കുഴയുന്നത് അയാൾ ശ്രദ്ധിച്ചു.അടുത്തിരുന്ന അമ്മയുടെ ശരീരത്തിലും വാർദ്ധക്യംകയറിപിടിക്കാൻ തുടങ്ങിയിരുന്നു. പഴയ പ്രതാപകാലത്തിന്റ ഓർമ്മകൾ നിഴലിച്ചിരുന്ന അച്ഛന്റ കണ്ണുകളിൽ ഇപ്പോൾ ദൈന്യതയാണ് പ്രതിഫലിക്കുന്നത്ത് പലതും മകനോട് പറയാൻ ആ വിറങ്ങലിച്ച ചുണ്ടുകൾ കൊതിക്കുന്നുണ്ടായിരുന്നെങ്കിലും അത് മനസ്സിലാക്കാൻ മകനായ സുകുമാരന് കഴിഞ്ഞിരുന്നില്ല. അച്ഛനുള്ള മരുന്ന് കൊടുത്ത് മുറിയിൽനിന്ന് പുറത്തിറങ്ങിയപ്പോഴാണ് രാവിലെ തുടങ്ങിയ തലവേദന തന്നെ വല്ലാതെ അലട്ടുന്നതായി സുകുമാരന് തോന്നിയത്. അതിനൊരുശമനം വരാൻ അയാൾ അടുത്തുകണ്ട കസേരയിൽകിടന്ന് കണ്ണടച്ചെങ്കിലും നിരവധി ചിന്തകളാൽ ആ മനസ് കലുഷമായിരുന്നു. ഇന്നലായിരുന്ന അച്ഛന്റെ പ്രിയപ്പെട്ട ചാരുകസേരയും അമ്മയുടെ തകരപെട്ടിയുമെല്ലാം സുകുമാരൻ ശോഭയുടെ നിർദ്ദേശപ്രകാരം ആക്രിക്കാർക്ക് വിറ്റത്. അതൊന്നും കളയരുതേ എന്നച്ഛൻ പറഞ്ഞെങ്കിലും അതുപോലെത്തെ ഒരു പുതിയൊരണ്ണം വാങ്ങിത്തരമെന്ന മറുപടിയാണ് അയാൾ കൊടുത്തത്. ആ സംഭവത്തിനുശേഷം അച്ചന്റേയും അമ്മയുടെയും മുഖം മിക്കപ്പോഴും മൂടികെട്ടിയനിലയിലാണ് ഈ അടുത്ത കാലത്തായി ഭാര്യശോഭക്കും അവരുടെ കാര്യത്തിൽ ശ്രദ്ധയൊന്നുമില്ല. സ്വന്തം കാര്യം ബാങ്കിയായും നടക്കാൻ മാത്രമേ അവൾ എന്നും

ആഗ്രഹിച്ചിരുന്നോളള്ള . "സുഖ്വമാരേട്ടാ.....പഴയസദനക ള്ളോന്നും ഇനി കൊട്ടക്കാനില്ലല്ലോ....?" ശോഭയുടെ ഉച്ചത്തിലുള്ള ശബ്ദം അയാളെ ചിന്തകളിൽനിന്നുണർത്തി. മറുപടി പറയാൻ നാവ് ചലിക്കും മുമ്പേ പിന്നിൽനിന്നും ഇടറിയ ശബ്ദത്തിൽ വന്ന 'ഞങ്ങളുണ്ട് കുഞ്ഞേ' എന്ന തേങ്ങൽ അയാളുടെ കാതുകളിലേക്ക് കൂരമ്പുകൾ പോലെ തറച്ചുകയറി.



# Hello English



**FARSANA**

**UPSA – ENGLISH**

Hello English programme was launched with an aim of improving the English language skills of students of government and aided schools. The initiative aims at enabling the teachers and students to handle English language with improved proficiency.

UP section of R.M high school Melattur started Hello English programme in the second week of June 2018.All the teachers and students actively participated. There were so many creative and novel activities,which created a strong bond between teachers and students. It enabled the students

to talk freely without fear. we are expecting this to be a fruit bearing programme.







# മലയാളത്തിളക്കം

മലയാളത്തിളക്കം കുട്ടികളിലേക്ക് അക്ഷരവെളിച്ചം പകരാൻ നിരവധി പ്രവർത്തനങ്ങളുമായി നടപ്പിലാക്കിയ പദ്ധതിയാണ്. ഭാഷാപരമായി കുട്ടികളിലെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനും മലയാള ഭാഷയുടെ പ്രാധാന്യം തിരിച്ചറിയുവാനും എന്റെ ഭാഷ മലയാളം തന്നെ എന്ന ഉറപ്പ് കുട്ടികളിലുണ്ടാക്കുവാനും മലയാളത്തിളക്കം സഹായകമായി.



# WE LEARN TO SERVE


# നമ്മുടെ SPC



പി . ശശി കുമാർ HST
കമ്മ്യൂണിറ്റി പോലീസ് ഓഫീസർ

**ജാ**ഗരൂകവും സമാധാന പൂർണവും അഭിവൃദ്ധ്യമുഖവുമായ സമൂഹത്തിനായി ഉത്തരവാദിത്യ ബോധവും സേവന സന്നദ്ധതയുമായ കർമ്മ ശേഷിയും നിയമം സമ്യദയാ അനിസരിക്കുന്നതുമായ ഒരു യുവതലമുറയെ വളർത്തി എടുക്കുക എന്നതാണ് സ്റ്റുടെന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ലക്ഷ്യം .

കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത മേൽ നോട്ടത്തിൽ 2010 മുതൽ സംസ്ഥാനത്തെ വിദ്യാലയങ്ങൾ നടപ്പിലാക്കി വരുന്ന പദ്ധതി 2012 ലാണ് നമ്മുടെ വിദ്യാലയത്തിൽ ആരംഭിച്ചത് .


പ്രകൃതിസംരക്ഷണത്തിനായി കുട്ടിപ്പോലീസ് കേഡറ്റുകൾ

ADGP യുടെ അധ്യക്ഷതയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസം,, എക്സൈസ്, വനം ,ഗതാഗതം ,അഗ്നി ശമന സേനാരോഗ്യം , എന്നീ വകുപ്പുകളിലേ ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായ പ്രൊജക്റ്റ് മാനേജ്മെന്റ് നോഡൽ കമ്മിറ്റിയാണ് പദ്ധതിയുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് .സ്കൂൾ പ്രാധാന

**അധ്യാപകൻ ചെയർമാനും പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ കൺവീനറുമായ സ്കൂൾതല ഉപദേശക സമിതിയാണ് പദ്ധതിയുടെ സ്കൂൾതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നിയന്ത്രിക്കുന്നത്.സ്കൂളിലെ ഒരു അധ്യാപകൻ ആൺകുട്ടികളുടെ ചുമതലയും , അധ്യാപിക പെൺകുട്ടികളുടെ ചുമതലയും വഹിക്കുന്ന ഹോണററി സുബിൻസ്പെക്ടർ പദവിയുള്ള കമ്മ്യൂണിറ്റി പോലീസ് ഓഫീസർ മാരാണ്**

**രണ്ടു പോലീസ് ഉദ്യോഗസ്ഥർ ഡ്രിൽ ഇൻസ്പെക്ടർ മാരായി ചുമതല വഹിക്കുന്നു .എല്ലാ ബുധൻ ,ശനി,ദിവസങ്ങളും കെഡറ്റുകൾക്കും ചിട്ടയും കർശനവുമായ പരേഡ്, കായിക പരിശീലനങ്ങൾ വർഷങ്ങളായി നൽകുന്നതിന്റെ ഫലമായി നമ്മുടെ യൂണിറ്റ് ഇന്ന് ജില്ലയിലെ ഏറ്റവും മികച്ച യൂണിറ്റുകളിൽ ഒന്നായി മാറ്റാൻ സാധിച്ചിട്ടുണ്ട്.**


വെള്ളിയാർ വൃത്തിയാക്കി കുട്ടിപ്പോലീസ്

മേലാറ്റൂർ▸ അവധിക്കാല ക്യമ്പിന്റെ ഭാഗമായി മേലാറ്റൂർ ആർ.എം. ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ വെള്ളിയാറി ന്റെ തീരം വൃത്തിയാക്കി.

ജലസംരക്ഷണം ലക്ഷ്യമിട്ട് നടത്തുന്ന ക്യാമ്പിന്റെ ഭാഗമായാണ് ശ്രമദാനവുമായി കേഡറ്റുകൾ വെള്ളിയാറിൽ എത്തിയത്. പുഴയിലും പുഴയോരത്തുമുള്ള മാലിന്യങ്ങൾ നീക്കംചെയ്തു. പി. ശശികുമാർ ക്ലാസെടുത്തു. വി. മൻസൂർ, എം.ആർ. പ്രവിത തുടങ്ങിയവർ നേതൃത്വം നൽകി.

അവധിക്കാല ക്യമ്പിന്റെ ഭാഗമായി മേലാറ്റൂർ ആർ.എം. ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ വെള്ളിയാറിന്റെ തീരം വൃത്തിയാക്കുന്നു

**എട്ടാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുത്ത മികച്ച 22 ആൺ കുട്ടികളും 22 പെൺകുട്ടികളും ഉൾപ്പെടെ 9 ,10 ക്ലാസ്സുകളിലായി ആകെ 132 കേഡറ്റുകൾ ഉണ്ട് . ഈ വർഷം പത്താം ക്ലാസ്സിൽ നിന്നും ഉന്നത വിജയം നേടിയവരിൽ 15 കേഡറ്റുകൾ മുഴുവൻ വിഷയങ്ങളിലും A പ്ലസ് നേടിയവരാണ്.**

**2014 മുതൽ മലപ്പുറം ജില്ലാ തല സ്വാതന്ത്ര്യ ദിന ,റിപ്പബ്ലിക് ദിന പരേഡുകളിൽ തുടർച്ചയായ നാല് വർഷങ്ങളിൽ നമ്മുടെ യൂണിറ്റ് നേടിയ ജില്ലയിൽ ഒന്നാം സ്ഥാന കിരീടം ചിട്ടയായ പരിശീലനത്തിന്റെ സാക്ഷ്യ പത്രമാണ് .കൂടാതെ 2016 ൽ തിരുവനന്തപുരത്തു വെച്ച് നടന്ന സംസ്ഥാന സമ്മർ ക്യാമ്പിൽ ഏറ്റവും മികച്ച കേഡറ്റായി പി. സൂരജിനെ**

തെരഞ്ഞെടുക്കപ്പെട്ടതും യൂണിറ്റിന്റെ അഭിമാനമാണ് .2014 ലെ പെരിന്തൽമണ്ണ സബ് ഡിവിഷനിലെ മികച്ച ഗേൾ കേഡറ്റ് അവാർഡ് [സി .പി.ബുഷൈറ ]. മികച്ച ആൺകുട്ടികളുടെ പ്ലാറ്റൂൺ , 2015 ലെ മികച്ച ഗേൾ കേഡറ്റ് [ഇ .കെ ഐശ്വര്യ ] എന്നിവ നേട്ടങ്ങളിൽ ചിലതാണ്.

കേഡറ്റുകളിൽ പ്രകൃതി സ്നേഹം വളർത്തുന്നതിനായി ഇടുക്കി , വയനാട് ,സൈലന്റ് വാലി ,നിലമ്പൂർ എന്നിവിടങ്ങളിലെ പ്രകൃതി പഠന ക്യാമ്പുകൾ , വനവൽക്കരണം ,സാമൂഹിക പ്രതിബന്ധത വളർത്തുന്നതിനായി രോഗി സന്ദർശനം ,ടീഫിക് ബോധവത്കരണ പരിപാടികൾ ,അവശത അനുഭവിക്കുന്ന ,വിദ്യാലയത്തിൽ വരാൻ സാധിക്കാത്ത കുട്ടുകാർക്കായി 'സഹപാഠിക്കൊരു ഓണ കോടി ' പദ്ധതി കൃഷിസംസ്കാരം




വളർത്തുന്നതിനായി കർഷകരോടുള്ള അഭിമുഖം , ലഹരിക്കെതിരെ ഉള്ള പ്രചരണം ,സാഹിത്യ കാരന്മാരോടൊപ്പം ,'വൃത്തിയുള്ള വെള്ളിയാർ ' -നദി തീര ശുചീകരണം ,'' വിദ്യാലയത്തിൽ ഒരു വിഷമില്ലാത്ത കറിവേപ്പ് പദ്ധതി '' നാട്ടും വീട്ടും വൃത്തിയായി സൂക്ഷിക്കാനുള്ള ''വൃത്തിയുള്ള വീട് നാടിന്റെ ഐശ്വര്യം '' പദ്ധതി എന്നിവ സ്കൂളിലെ SPC യൂണിറ്റ് നടപ്പാക്കിയ ചില പ്രവർത്തങ്ങളാണ്.

ഓണം ,ക്രിസ്തുമസ് ,വേനലവധികളിലായി മൂന്നുദിവസത്തെ ക്യാമ്പുകളും , വിവിധ വിഷയങ്ങളിൽ ബോധവൽകരണ ക്ലാസുകളും കേഡറ്റുകൾക്കായി സംഘടിപ്പിക്കുന്നു.

ഉന്നത വ്യക്തികളുടെ ജീവിത വിജയം മാതൃകയാകുന്നതിന്റെ ഭാഗമായി

ഇന്ത്യയുടെ സ്പ്രിന്റ് റാണി ,പയ്യോളി എക്സ്പ്രസ്സ് പി .ടി .ഉഷ ,അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ നിരുപമരാവു എന്നി വരുമായി സംവദിക്കാനുള്ള സുവർണ്ണാവസരം നമ്മുടെ കേഡറ്റുകൾക്ക് ലഭിക്കുകയുണ്ടായി .

കുഷ്ഠരോഗത്തിനെതിരെയും ,മീസിൽസ് റൂബെല്ല പ്രതിരോധ കുത്തിവെപ്പിന്റെ പ്രചാരണാർത്ഥവുമായും തെരുവുനാടകങ്ങൾ സംഘടിപ്പിച്ച സമൂഹത്തിൽ ആരോഗ്യ സംരക്ഷണ ബോധമുണർത്താൻ കേഡറ്റുകൾ മുന്നിട്ടിറങ്ങിയത് പ്രശംസനീയമാണ് .

വിവിധങ്ങളായ പരിശീലന പരുപാടികളിലൂടെ വിദ്യാഭ്യാസത്തോടൊപ്പം മാനസികവും ശാരീരികവുമായ കഴിവുകളും മൂല്യങ്ങളും വളർത്തി എടുക്കാനും അതുവഴി പുതുതലമുറയെ സമൂഹത്തിന്റെ ഉപകാരപ്രദമായ രീതിയിൽ ജീവിക്കാനുള്ള ശേഷി നേടികൊടുക്കാനും കേരളത്തിന്റെ അഭിമാന പദ്ധതികളിലൊന്നായ സ്റ്റുടെന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക സാധിക്കുന്നുണ്ട് .







# നന്ദി



എഡിറ്റർ
അമീനുള്ള .9F

"ലിറ്റിൽ കൈറ്റ്""സിന്റെ ആദ്യ ഇ -മാഗസിനായ "സ്പർശം " തങ്ങളുടെ കരസ്പർശത്താൽ സമ്പന്നമാക്കിയ അധ്യാപകർക്കും പ്രിയ വിദ്യാർത്ഥികൾക്കും ആദ്യം നന്ദി പറയുന്നു. ടൈപ്പിങ്ങിനും എഡിറ്റിങ്ങിനുമായി സമയം കണ്ടെത്തിയ ഓരോ "ലിറ്റിൽ കൈറ്റ്" അംഗങ്ങൾക്കും, വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി ആദ്യാവസാനം വരെ പ്രയത്നിച്ച കൈറ്റ് മാസ്റ്റർ മുസ്തഫ മാഷിനും ഈ അവസരത്തിൽ നന്ദി അർപ്പിക്കുന്നു. കാണും തോറും മാറ്റങ്ങൾ വരുത്തി കൂടുതൽ മെച്ചപ്പെടുത്താൻ താൽപ്പര്യം ഉണ്ടാക്കുന്നതും,സമയവും ക്ഷമയും ആവശ്യവുമായ " ഇ -മാഗസി " നിൽ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷം. ഇതൊരു നല്ല തുടക്കമാകട്ടെ എന്നു പ്രത്യാശിക്കുന്നു. ഇതുമായി സഹകരിച്ച എല്ലാവർക്കും നന്ദി.

# ഫോട്ടോ ഗാലറി

## ലിറ്റിൽ കൈറ്റ്സിന്റെ ട്രൈനിങ്ങിൽ നിന്നും





# LITTLE KITES STUDENTS 2018-2019

# RMHS MELATTUR



## ലിറ്റിൽ കൈറ്റ്സ്സ്ന് നേതൃത്വം നൽകുന്നവർ








**മുഹമ്മദ് മുസ്തഫ**
**എച്ച്.എസ്.എ അറബിക്**

ലക്ഷ്മി ധന്യ.കെ.ആർ
**എച്ച്.എസ്.എ ഹിന്ദി**

# ആവേശമായി " ലിറ്റിൽ കൈറ്റ്സ് " ( ഐടി ക്ലബ്ബ് )









## മേലാറ്റൂർ ആർ.എം.ഹൈസ്കൂളിന്റെ അഭിമാനമായിക്കൊണ്ട് സംസ്ഥാന അധ്യാപകമത്സരത്തിൽ ഉന്നത സ്ഥാനം നേടിയ റീജ മോഹൻദാസ്....











## സുരീലി ഹിന്ദി ക്ലാസ്സിൽനിന്നും





## ആർ.എം ഹൈസ്കൂളിന്റെ പുതിയ ഹൈടെക് ക്ലാസ് റൂമുകളുടെ

## കെട്ടിടം




## ഹെയർസെക്കന്ററി വിഭാഗം



## വിശാലമായ ഗ്രൗണ്ട്



## ചിത്രം സീത. 9M









വിദ്യാരംഗം സംസ്ഥാന തല ശില്പശാലയിൽ മികച്ച പ്രകടനം

കാഴ്ചവെച്ച അർപിത.എ



# സ്കൂളിൽ നടന്ന വ്യത്യസ്തമായ പരിപാടികളിൽ നിന്നും....






# റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽനിന്നും



















## ഇത് ഒരു തുടക്കം മാത്രം.... ഇനിയും ഉയരങ്ങളിലേക്ക് പറത്താം " കുഞ്ഞു പട്ടങ്ങളെ "